# റിപ്പിൾസ്....


**Digital Magazine 2020**

എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരി



# Ripples....

2019-2020




# എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരി

**മഞ്ചേരി കോളേജ് പി.ഒ. 676122**
**പാണ്ടിക്കാട് റോഡ്, മഞ്ചേരി**
**മലപ്പുറം ജില്ല.**

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: അബ്ദുൽ ഷുക്കൂർ [ഹെഡ്മാസ്റ്റർ]

സ്റ്റാഫ് എഡിറ്റർ: മുജീബ്. എം [എച്ച്.എസ്.എ. മലയാളം]

സ്റ്റുഡന്റ് എഡിറ്റർ: മുഹമ്മദ് അമീൻ. ടി

ബോർഡ് അംഗങ്ങൾ:

സന നിദ്ഷ പുതുക്കൊള്ളി
സന
ഫാത്തിമ ഹന. എം.പി
എരിക്കുന്നൻ ശിഫ ശരീഫ്
അഫ്രിൻ. കെ.പി
ഫാത്തിമ തസ്നിം
മുഹമ്മദ് റസിൻ. കെ
റസൽ റിയ. പി

കവർ ഡിസൈൻ:

മുഹമ്മദ് ഹിഷാം. സി

ഉപദേശക സമിതി:

ജുബൈർ. കെ [കൈറ്റ് മാസ്റ്റർ]
ഷെറീന. ടി [കൈറ്റ് മിസ്ട്രസ്]
ഷമീൽ അഹമ്മദ്. പി.പി [എസ്.ഐ.ടി.സി]

വിവര സാങ്കേതിക വിദ്യയുടെ ചിറകേറി അക്ഷരപ്പൂക്കൾ വിടരുകയാണ്. ഭാവനകൾക്ക് ഊഞ്ഞാലാടാൻ വാക്കുകളുടെ ഒരു ഉണർത്തുപാട്ട് .....

കരുന്നു മനസ്സുകളുടെ നെടുവീർപ്പുകൾക്ക് ചിന്തയുടെ നുൽനൂൽപ്പ് ..... സാങ്കേതിക വിദ്യയുടെ കരുത്തിന് കൊട്ടുത്സവത്തിന്റെ പ്രതീതി .....

കാഴ്ചപ്പാടുകൾ കൈക്കുമ്പിളിലൊതുക്കി ഒരു നേരംപോക്ക്..... മനസ്സു നിറക്കാൻ, സഹായിച്ചവരുടെ തണൽ ..... അതാണ് RIPPLES.....



# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രണ്ടാമത്തെ വർഷമാണ് ഇത്തരത്തിലൊരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത്. പഠനത്തോടൊപ്പം വൈവിധ്യമാർന്ന കഴിവുകൾ വികസിപ്പിച്ചെടുക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ഒട്ടേറെയുണ്ട്. അത് പ്രയോജനപ്പെടുത്തുമ്പോഴാണ് വിദ്യാഭ്യാസ കാലഘട്ടം അർത്ഥപൂർണമാകുന്നത്. ഏതൊരു കാര്യവും നേടിയെടുക്കുന്നതിൽ അത്യാവശ്യമാണ് ആത്മവിശ്വാസം. സ്വന്തം കഴിവുകളേയും അഭിരുചികളേയും പറ്റി കൂട്ടുകാർക്ക് ബോധ്യമുണ്ടാകണം. ആത്മവിശ്വാസമുണ്ടാക്കുന്നതിലും ഇല്ലാതാക്കുന്നതിലും മാതാപിതാക്കളും നിർണായക പങ്കു വഹിക്കുന്നുണ്ട്. അവരുടെ വാക്കുകൾ, പ്രശംസകൾ, അഭിന്ദനങ്ങൾ തുടങ്ങിയവ മുന്നോട്ടു നയിക്കാനും ഉയരങ്ങളിലെത്താനും കുട്ടികളെ സഹായിക്കും. ഇത്തവണ സംസ്ഥാന ഐ.ടി മേളയിൽ സ്ക്രാച്ച് പ്രോഗ്രാമിംഗിൽ ഒന്നാം സ്ഥാനം നേടിയത് നമ്മുടെ വിദ്യാർത്ഥിയായ സജിത്ത്. കെ.പി യാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം.


'ഒരുപാട് തവണ വായിച്ചതാ, പക്ഷെ ഒന്നും ഓർമ്മകിട്ടുന്നില്ല.......... ഇതെല്ലാം എങ്ങനെ പഠിക്കും' പലപ്പോഴും കുട്ടികളുടെ പരാതിയാണിത്. പഠിച്ചിട്ടും നല്ല മാർക്ക് കിട്ടുന്നില്ലെന്ന പരാതി വേറെ. യഥാർത്ഥത്തിൽ പഠനത്തെ ഇത്രയേറെ ഭാരമായി കാണേണ്ടതുണ്ടോ?

എളുപ്പത്തിൽ പഠിക്കാൻ വഴികൾ ഉണ്ട്. എന്നാൽ അത് കുറുക്കു വഴികളല്ല. കൃത്യമായ പരിശീലനത്തിലൂടെ അടുക്കും ചിട്ടയുമായി മുന്നോട്ടു പോകണം. സ്വസ്ഥമായി ഇരുന്ന് പഠിക്കാനുള്ള അന്തരീക്ഷം രക്ഷിതാക്കളുടെ സഹകരണത്തോടെ ഓരോരുത്തരും കണ്ടെത്തണം. പുസ്തകങ്ങൾ, നോട്ടുബുക്കുകൾ കൃത്യമായി അടുക്കി വെയ്ക്കണം. ഏതു പുസ്തകവും എപ്പോൾ വേണമെങ്കിലും തിരഞ്ഞെടുക്കാൻ പറ്റണം. ഉൽക്കണ്ഠയും, ടെൻഷനുമില്ലാതെ സ്വസ്ഥമായി ഓരോ വിഷയങ്ങൾക്കും ആവശ്യമനുസരിച്ച് സമയം കണ്ടെത്തി പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാം. പഠിച്ചത് ഓർമിക്കണമെന്ന വാശിയോടെ വായനകഴിഞ്ഞ് പോയന്റുകൾ കുറിച്ചു വെയ്ക്കുക. പാഠഭാഗങ്ങൾ ദൃശ്യരൂപങ്ങളിൽ സങ്കൽപ്പിച്ച് ഓർത്തെടുക്കാൻ പരിശീലിക്കുക. ആവർത്തനത്തിലൂടെയും മനസിൽ പതിഞ്ഞ ഉപകരണങ്ങളുടേയും നാമങ്ങളുടേയും പേരിലോ മറ്റു അക്ഷരങ്ങളേയും അക്കങ്ങളേയും ബന്ധപ്പെടുത്തിയോ ഓർക്കാൻ ശ്രമിച്ചാൽ പഠനം ലളിതമാക്കാം. കൃത്യമായ സമയക്രമം പാലിക്കാതെ വാരിവലിച്ചു പഠിക്കുന്നത് ഒഴിവാക്കണം. ടെൻഷനും ഓർമ്മയും തമ്മിൽ ബന്ധമുണ്ട്. അമിതമായ ഉൽക്കണ്ഠ പഠനത്തെ ബാധിക്കുമെന്ന് കുട്ടികൾ അറിയുക. വീട്ടിലും പുറത്തും കൂട്ടുകാരുമായുള്ള പ്രശ്നങ്ങളുമുണ്ടാക്കുന്ന സമ്മർദ്ദം സ്വയം തിരിച്ചറിഞ്ഞ് അദ്ധ്യാപകരുമായും രക്ഷിതാക്കളുമായും ഇടപെട്ട് പരിഹാരം കാണണം . ടെൻഷൻ ഉണ്ടാക്കാനിടയുള്ള സാഹചര്യങ്ങളിൽ ആളുകളിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ ശ്രദ്ധിക്കണം.

കുട്ടികളിലുള്ള സർഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിനുമുള്ള സ്കൂളിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ മടിക്കാണിക്കരുത്. അതെല്ലാം വ്യക്തിത്വവികാസത്തിന്റെ അതിപ്രധാന പരിശീലന വേദികളാണ്. സർവ്വ വിജയങ്ങളും നേർന്നുകൊണ്ട്.....

**കെ. മുഹമ്മദ് അബ്ദുൾ ഷുക്കൂർ**

**ഹെഡ്മാസ്റ്റർ**



# സന്ദേശം

എച്ച്. എം. വൈ. ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്ന് അറിഞ്ഞതിൽ സന്തോഷം ഉണ്ട്. പൊതുവിദ്യാഭ്യാസ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സർക്കാരും ബഹുജനങ്ങളും രക്ഷകർത്താക്കളും സജീവമായി ഇടപെടുന്ന അനുഭവമാണ് നമുക്ക് ചുറ്റുമുള്ളത്. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടുവരാൻ അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹകരണത്തോടെ ഒട്ടേറെ പ്രവർത്തന പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ സൗകര്യങ്ങളെല്ലാം അധ്യയനരംഗത്ത് വിദ്യാർത്ഥികളിൽ ഗുണമേന്മയുണ്ടാകുമ്പോഴാണ് നാം ലക്ഷ്യം കൈവരിക്കുന്നത്. അങ്ങനെയുള്ള എല്ലാ പരിശ്രമങ്ങൾക്കും എല്ലാവരുടേയും പിന്തുണയുണ്ടാകും. നേടിയ അറിവ് പ്രയോഗവൽക്കരിക്കുന്നതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ മികവുറ്റതായിരിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.

മാഗസിനും പിന്നണിയിൽ പ്രവർത്തിച്ച കുട്ടികൾക്കും എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

**പി.എം. അബ്ദുന്നാസർ**

**പി.ടി.എ. പ്രസിഡന്റ്**

# ഉള്ളടക്കം

അഗ്നിപുഷ്പം........................................................................9

സ്വപ്നഭൂമിയിലൂടെ..................................................................10

വിടരാതെ കൊഴിയുന്ന മൊട്ടുകൾ................................13

ഒരു മഴദിവസം........................................................................16

ജലതാണ്ഡവം........................................................................17

രാജുവിന്റെ സൈക്കിൾ............................................. 18

പറവിതിച്ച മാലാഖ..................................................................19

ഗാന്ധി സ്മൃതികളിലൂടെ............................................21

കള്ളൻ......................................................................................26

ഓർമ്മയുടെ ഒരു കുളിർമഴ..........................................27

സൗഹൃദം..................................................................................29

സ്നേഹം....................................................................................30

ജീവിതം...................................................................................33

തിളങ്ങുന്ന ഗാന്ധി.................................................................34

കാവ്യസൂര്യൻ.........................................................................35

# English corner

I AM LIKE A NAUGHTY MOON......37
MY NAME......38
STRANGER......39
EXAMINATION......40
MATERNITY......41

ഹൃദയപൂർവ്വം......45



കവിത

# അഗ്നിപുഷ്പം

കവചം ധരിച്ചൊരാ തീക്കനലിനുള്ളിൽ
പൂമ്പാറ്റയെന്നൊന്നറിഞ്ഞതും ഞാൻ,
അറിയാൻ തുടങ്ങിയാ അമ്മതൻ സ്നേഹവും
വാത്സല്യക്കടലിലെ മീനുകൾ നാം,
നീന്താനറിയാത്ത കുഞ്ഞുങ്ങളെ
അമ്മ പാഠങ്ങളൊക്കെ പഠിപ്പിക്കുമ്പോൾ
നിലാവിന്റെ പാലാഴി ഓടിവന്നൊന്നെന്നെ
പുണരുന്ന സുഖമൊന്നറിഞ്ഞിടുന്നു.

**ശ്രീഷ്മ.വി 10 J**



യാത്രാവിവരണം

# സ്വപ്നഭൂമിയിലൂടെ....

2018 ലെ എന്റെ യാത്ര മൈസൂരിലേക്കായിരുന്നു. സ്കൂളിൽ നിന്നായതിനാൽ എന്റെ എല്ലാ ചങ്ങാതിമാരും ടീച്ചർമാരും സാറുമാരും ഒപ്പമുണ്ടായിരുന്നു, 4/1/2018 നാണ് മൈസൂരിലേക്ക് പോയത്. അന്ന് രാവിലെ 3.15 ന് 2 ബസ്സുകളും പുറപ്പെട്ടു. നല്ല നിലാവുള്ള സമയമായതുകൊണ്ട് തണുപ്പുകൂടുതലായിരുന്നു. പോകുന്ന ബസിൽ നിന്നും ഞങ്ങൾ "പോക്കിരിസൈമൺ" എന്ന ഫിലിം കണ്ടു. കുറച്ചുകഴിഞ്ഞപ്പോൾ ബസും ഞങ്ങളും നിശബ്ദമായി കാരണം നാടുകാണിച്ചുരം കയറുകയാണ് ഉയരത്തിലേക്കുള്ള കയറ്റം വളഞ്ഞ റോഡും പച്ചപ്പുള്ള മരങ്ങളും എനിക്കിപ്പോഴും മറക്കാനാകുന്നില്ല. പിന്നെ ഒന്നാം ചെക്ക്പ്പോസ്റ്റ് മുതുമല വൈൽഡ് ലൈഫ് സാൻഞ്ചുറി കടന്നു. അവിടെ വലിയ കാടാണ്. ആന,മാൻ,മയിൽ ഇങ്ങനെ തുടങ്ങി നിരവധി ജീവികളെ അവിടെ ഞങ്ങൾ കാണാനിടയായി. മാൻ കൂട്ടത്തെ കാണുമ്പോഴെല്ലാം ആകാശത്തിലെ നക്ഷത്രക്കുഞ്ഞുങ്ങളെയാണ് ഞാൻ ഓർത്തത്. അത് അത്രയ്ക്കും ഭംഗിയുള്ളതും ഒരുമയുള്ളതുമായ മാനുകളാണെന്ന് എനിക്ക് മനസ്സിലായി. അങ്ങനെ പല ഫോട്ടോയും വീഡിയോയും എല്ലാം എടുത്ത് ഞങ്ങൾ രണ്ടാം ചെക്ക്പൊസ്റ്റ് ബന്ദിപ്പൂർ നാഷണൽ പാർക്കിലേക്ക് കടന്നു. അവിടേയും നിരവധി മൃഗങ്ങളെ കാണാനിടയായി. അതൊന്നുമല്ല രസം, ഞങ്ങളുടെ ബസ്സ് പോകുന്നതിന് മുന്നിൽ ഒരു ആന നിൽക്കുന്നു. ഞങ്ങൾക്കെല്ലാം പേടിയായി. ആന ചവിട്ടിക്കൊന്ന കുറേ കഥകൾ മുമ്പൊരിക്കൽ ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ ഈ ആന ഞങ്ങളെ ഉപദ്രവിക്കും എന്ന് പേടിച്ച് നിൽക്കുമ്പോൾ ആ ആന ഞങ്ങളെ കണ്ട് പേടിച്ചോടിയത് മാത്രമേ ഉണ്ടായുള്ളൂ. പിന്നീടാണ് അതൊരു കുട്ടിയാനയാണെന്ന് ഞാൻ തിരിച്ചറിഞ്ഞത്. ഇതൊക്കെ കഴിഞ്ഞ് ഞങ്ങൾ ആൾത്താമസമുള്ള സ്ഥലത്തെത്തി. അവിടെയുണ്ടായിരുന്ന ഒരു ഹോട്ടലിൽ നിന്ന് ഞങ്ങൾ നൂലപ്പവും കറിയും കഴിച്ചു. അവിടുത്തെ നൂലപ്പം വളരെ സ്വാദുണ്ടായിരുന്നു. അപ്പോഴേക്കും സമയം 9:30 ആയിരുരന്നു. അവിടത്തന്നെയാണ് ലോകത്തിലെ ഏറ്റവും വലിയ ചർച്ചുണ്ടായിരുന്നത്. "ഫിലോമിയ ചർച്ച്" ക്രിസ്തുമസ് കഴിഞ്ഞുപോയ മാസത്തിലായതിനാൽ പള്ളി നിറയെ നക്ഷത്രങ്ങൾ കൊണ്ടും ചിത്രങ്ങൾ കൊണ്ടും ബൾബുകൾ കൊണ്ടും പ്രകാശിച്ചിരുന്നു. ആ ചർച്ചുമുഴുവൻ ചുറ്റിക്കണ്ട് ഞങ്ങൾ മൈസൂർ zoo വിലേക്ക് യാത്ര തിരിച്ചു. പതിനൊന്ന് മണി കൃത്യം ഞങ്ങൾ അവിടെയിറങ്ങി. ഞങ്ങൾ

ഓരോ ജന്തുജാലങ്ങളേയും കണ്ടു. ആദ്യമെല്ലാം പക്ഷികളാണ്, വിവിധതരം പക്ഷികളാണ്. മയിൽ,ലൗബേർഡ്സ് , മയമൂ എന്നിവയൊക്കെ പേര് അറിയാവുന്നവയുള്ളൂ. പേരറിയാത്ത കണ്ടിട്ടില്ലാത്ത ഒട്ടനവധി പക്ഷികളെ ഞാനന്നവിടെ കണ്ടു. പിന്നെ മുഴുവൻ മൃഗങ്ങളായിരുന്നു. കുരങ്ങൻ,സിംഹം,കടുവ,പുലി,മുയൽ തുടങ്ങിയ ജീവികൾ. അവർക്കു വേണ്ട ഭക്ഷണം അവിടെയുള്ള ജോലിക്കാർ അവർക്കുകൊടുക്കുമ്പോൾ വേട്ടയാടുന്ന അവരുടെ ശീലത്തിലുള്ള സന്തോഷം അവിടെ അവർക്ക് ലഭിക്കുന്നില്ല എന്ന് എനിക്ക് മനസിലാക്കാൻ കഴിഞ്ഞു. ഈ മൃഗങ്ങൾക്കെല്ലാം ഒരു ഇണയുണ്ട്. അവയെ കാണുമ്പോൾ ചിത്രത്തിൽ കാണുന്നപോലയല്ല. മറ്റെന്തൊക്കയോ മാറ്റം ഞാൻ അവരിൽ കണ്ടു. പിന്നെ നിറയെ മാനുകൾ , അവസാനം ഒരു കുളത്തിന്റെ അരികിൽ നിൽക്കുന്ന ഹിപ്പപ്പൊട്ടമസിനെയാണ് ഞങ്ങൾകണ്ടത്. അതിന്റെ രക്ത സ്രവങ്ങൾ കണ്ട് തലമിന്നിയ കുട്ടിപ്പോലും ഞങ്ങളുടെ ഇടയിലുണ്ട്. പക്ഷേ അത്രയ്ക്കൊന്നും രക്തസ്രവം ആ മൃഗത്തിന്റെ ദേഹത്ത് ഉണ്ടായിരുന്നില്ല. കുറച്ചുകൂടി നടന്നപ്പോൾ ഞങ്ങൾ 3 ജിറാഫിനെ കണ്ടു. അവർ സന്തോഷത്തോടെ കഴിയുന്നത് കണ്ട് എനിക്ക് സന്തോഷമായി. അതിനടുത്തുതന്നെ പാമ്പുകളുണ്ടായിരുന്നു. വ്യത്യസ്തമായ പാമ്പുകൾ മരത്തിൻ കൊമ്പുകളിലും മണ്ണിലുമായി കാണുമ്പോൾ പേടി തോന്നും. നല്ല ശബ്ദമുള്ള പാമ്പിനേയും ഞങ്ങൾക്കവിടെ കാണാനായി. പിന്നെ ഞങ്ങൾ മൈസൂർ പാലസിലേക്കാണ് പോയത്. ചുമരുകളിൽ ചിത്രങ്ങൾ വരച്ചും കൊത്തുപണികളും അലങ്കാരപണികളും ചെയ്തും ഭംഗിയുള്ളതാക്കിയിട്ടുണ്ട്. മാത്രമല്ല പണ്ടത്തെ രാജാവിന്റെ കസേരയും വസ്തുങ്ങളും ആയുധങ്ങളും അവരുടെ ചിത്രങ്ങളും തുടങ്ങി ഒട്ടനവധി കാര്യങ്ങൾ മനസിലാക്കാൻ പാലസ് പ്രയോജനകരമായി.

അതിനടുത്തുതന്നെയുണ്ടായിരുന്ന 3D selfie gallery കാണാനാണ് പിന്നെ ഞങ്ങൾ പോയത്. ഒരു ചെറുപ്രദേശമാണത്, മണൽ കൂമ്പാരങ്ങൾകൊണ്ട് ചിത്രങ്ങൾ ഉണ്ടാക്കുന്നത് ഇവിടെയാണ്. മനോഹരമായ പല പല ചിത്രങ്ങൾ മണൽ കൊണ്ട് അവർ നിർമ്മിച്ചിരിക്കുന്നു. അതൊക്കെ കണ്ട് സന്തോഷപൂർവ്വം അവിടെ നിന്നും മടങ്ങി. അപ്പോൾ സമയം 3:45 ആയിരുന്നു. വിശപ്പിന്റെ തളർച്ച കാരണം ഞാനങ്ങനെ ഇളംകാറ്റിൽ കിടന്നു. പിന്നെ ആദ്യം ചെന്ന ഹോട്ടലിലാണ് ഇറങ്ങിയത്. അവിടെ ചെന്നപാടെ ഞങ്ങൾക്ക് ബിരിയാണിയും ചിക്കനും വാങ്ങിത്തന്നു. അതു കഴിച്ചപ്പോൾ ഞാൻ ഉഷാറായി. പിന്നെ ഞങ്ങൾ ടീച്ചറോട് ചോദിച്ചു ഇനി നമ്മൾ എങ്ങോട്ടാണ് പോകുന്നതെന്ന്. ടിപ്പുസുൽത്താന്റെ മക്ബറയിലേക്കാണെന്ന് ടീച്ചർ പറഞ്ഞു. തുടർന്ന് ടിപ്പുസുൽത്താന്റെ വിവരങ്ങൾ ലഭ്യമാകുന്ന ശ്രീരങ്കപ്പട്ടണം, വേനൽ കാല വസതി എന്നിവിടങ്ങളിലേക്കും പോകും. നമ്മുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പ്രയത്നിച്ച ഒരു വ്യക്തിയാണ് ടിപ്പുസുൽത്താൻ. ഞങ്ങൾക്ക് ആഹ്ലാദമായി. ആങ്ങനെ ഞങ്ങൾ അവിടെയെത്തി. ടിപ്പുവിന്റെ വസ്തുങ്ങളും ആയുധങ്ങളും ഞങ്ങൾ കണ്ടു. മാത്രമല്ല

ടിപ്പുസുൽത്താനും മാതാവും പിതാവും ചേർന്നു നിൽക്കുന്ന മക്ബറയിൽ പോയി ഫാത്തിഹയും ഇഹ്‌ലാസും മുഅവ്വിദത്തൈനിയും ഓതി. എന്തെന്നില്ലാത്ത കുളിർമ്മ അപ്പോൾ എന്നെ പൊതിഞ്ഞു. പിന്നെ ഞങ്ങൾ ബസ്സിൽ കയറി യാത്ര തുടർന്നു. നല്ല പാട്ടും ഡാൻസും കൂടി ഞങ്ങൾ സന്തോഷപൂരിതമായി. പിന്നീട് മൈസൂരിലെ അറിയപ്പെട്ട വൃന്ദാവനം ഡാം കാണാൻ ഇറങ്ങി. വെള്ളത്തിന്റെ മുകളിലെ പാലത്തിലൂടെയാണ് ഞങ്ങൾ നടന്നത്. ആ പാലം കഴിയാൻ ഞാൻ പെട്ട പാട് എനിക്കുമാത്രമേ അറിയൂ. തൂക്കുപാലംപോലെ ആടിയും ചാടിയും ഒരിവിധം ഞങ്ങളെല്ലാവരും കരയ്ക്കു കയറി. ആ വെള്ളം തിളങ്ങുന്നതുപോലെ ഞാൻ കണ്ടു. പിന്നീട് ഏറ്റവും വലിയ പൂന്തോട്ടമായ വൃന്ദാവനം ഗാർഡനിലേക്ക് പോയി. അവിടെ പല നിറത്തിലും തരത്തിലുമുള്ള പൂക്കൾ കണ്ടു. മനസ് കുളിർത്തു. ഓരോ പൂവിന്റേയും സുഗന്ധം ആ അന്തരീക്ഷത്തിൽ പരന്നു കിടക്കുന്നു. അതിനെ സംരക്ഷിക്കാനും നനയ്ക്കാനും അവിടെ നിരവധി ജോലിക്കാറുണ്ട്. അവിടെ വിശ്രമിക്കാൻ ഞങ്ങൾ ഇരുന്നു. ശേഷം ഞങ്ങൾ മ്യൂസിക്കൽ ഫൗണ്ടൻ കാണാൻ പോയി. അതായിരുന്നു നല്ല രസമുണ്ടായിരുന്നത്. 7:45 ന് കൃത്യം അത് മാത്രമല്ല ഓരോ ലൈറ്റുകളും ഉണ്ട് പിന്നെ അതിനനുസരിച്ചുള്ള ഓരോ മ്യൂസിക്കുകളും. അതൊക്കെ കഴിഞ്ഞ് ഞങ്ങൾ ആകെ തളർന്നു. പിന്നെയും ആദ്യം ചെന്ന ഹോട്ടലിലേക്ക് തന്നെ ഞങ്ങൾ എത്തി. ചോറും സാമ്പാറും കാബേജുമായിരുന്നു ഭക്ഷണം. അതൊക്കെ കഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്കുള്ള മടക്കയാത്രയ്ക്കു ഒരുങ്ങി. അതിന് മുമ്പ് ഞങ്ങൾ ഒരു മല കയറി. ചാമുണ്ടി ഹിൽ. അവിടെനിന്നും നോക്കിയാൽ മൈസൂർ മുഴുവനായും കാണാം. ഭംഗിയുള്ള ലൈറ്റുകൾ കൊണ്ട് ആ നഗരം പടർന്ന് പന്തലിച്ചു നിൽക്കുന്നത് കണ്ട് ഞങ്ങൾ സസന്തോഷം ബസ്സിൽ ആടിയും പാടിയും തിരിച്ചു പോന്നു. എന്നെ അഹ്ലാദകരമാക്കിയ ഈ ദിവസം എനിക്ക് മറക്കാനാവാത്ത ദിവസം തന്നെയാണ്.

**റാഷിദ.പി.കെ 9 H**

കഥ



# വിടരാതെ കൊഴിയുന്ന മൊട്ടുകൾ

**ബ**ദാംമരത്തിന്റെ കരിയിലകൾ വീണുകിടക്കുന്ന പടവുകൾ കയറുമ്പോൾ കുഞ്ഞു ഫാത്തിമ ഉമ്മയോട് ഓരോന്നു ചോദിച്ചു കൊണ്ടിരുന്നു.

“ഇതിന്റെ കായ തിന്നാൻ പറ്റോ ഉമ്മാ...? "

“ഉമ്മച്ചിം ഈ സ്കൂളിലാ പഠിച്ചത് ?”

മകളുടെ ചോദ്യങ്ങൾക്ക് മറുപടി പറയണമെന്നുണ്ടെങ്കിലും സലീനക്കു വാക്കുകൾ തൊണ്ടയിൽ കുരുങ്ങി കിടന്നതെയുള്ളൂ. അവ ബാഷ്പകണങ്ങളായി കൺകോണിൽ ഊറി കൂടുന്നുണ്ടായിരുന്നു.

അന്നു അവളടക്കമുള്ള 'ഹരിതസേനാംഗങ്ങൾ' നട്ടുപിടിപ്പിച്ചതായിരുന്നു ആ സ്കൂൾ കോമ്പൗണ്ടിലെ മരങ്ങളെല്ലാം. ഇന്ന് അവയെല്ലാം കായ്ച്ചുതുടങ്ങി . തന്റെ സ്വപനങ്ങൾ മാത്രമെന്തേ ഈ കരിയിലകൾ പോലെ കൊഴിഞ്ഞുവീണത്?

വരാന്തയിലൂടെ ഓഫീസുമുറിയിലേക്ക് നീങ്ങുമ്പോൾ ഓരോ ചുവടും അവളെ തന്റെ ഭൂതക്കാലത്തിലേക്കാണ് നടത്തിയത്. ക്യാൻസറിന്റെ വേദനയിൽ നിന്ന് മരണത്തിന്റെ അനന്തതയിലേക്ക് ഉമ്മയ്ക്കു മോചനം കിട്ടിയതു മുതലാണ് സലീനയുടെ ജീവത്തിൽ ഇരുൾ നിഴൽ വീഴ്ത്താൻ തുടങ്ങിയത് . പറക്കമുറ്റാത്ത് അവളും രണ്ടു കുഞ്ഞനുജൻ മാരും അന്ന് ആ മരണ വീട്ടിൽ പലരുടേയും സഹതാപകണ്ണുകളുടെ ഇരകളായി.

ഒന്നു കരയാൻ പോലും കഴിയാതിരുന്ന നിമിഷം ശാലിനി ടീച്ചറെ കണ്ടപ്പോൾ ആ സാരി തുമ്പിൽ തൂങ്ങി സലീന വിതുമ്പി. ടീച്ചർ അവൾക്ക് ഉമ്മയെ പോലെയായിരുന്നു. മാത്രമല്ല ഉമ്മയുടെ കൂട്ടുകാരിയുമായിരുന്നു. പാത്രങ്ങൾ തേച്ചു കഴുകിയും അനിയന്മാരെ കുളിപ്പിച്ചും മുറ്റമടിച്ചും സ്കൂളിൽ എത്തുമ്പോൾ പലപ്പോഴും ബെല്ലടിച്ചിട്ടുണ്ടാകും. അപ്പോഴൊന്നും ടീച്ചർ അവളെ വഴക്കു പറഞ്ഞില്ല.

“ഉമ്മയെ പോലെ തന്നെ മിടിക്കി കുട്ടിയാ അവള് .” സ്റ്റാഫ് റൂമിലിരുന്നു ശാലിനി ടീച്ചർ, സഹഅദ്ധ്യാപകരോട് പറയും. കവിളത്തു മറുകുള്ള ആ സുന്ദരിക്കുട്ടിതന്നയായിരുന്നല്ലോ ക്ലാസ്സിൽ ഒന്നാമത് .

തന്റെ സ്വപ്നങ്ങളുടെ പിന്നിയ ഇഴകൾ മകളിലൂടെ തുന്നിച്ചേർക്കാൻ ആ ഉമ്മ ആഗ്രഹിച്ചിരിക്കാം. സന്ധ്യക്കു ചോറുവാരി കൊടുക്കുമ്പോഴാണ് ഒരു ദിവസം ആകാശത്ത്

പറക്കുന്ന വിമാനം ഉമ്മ സലീനയ്ക്ക് കാണിച്ചുകൊടുത്തത്. നീലകണ്ണുള്ള ഒരു കുഞ്ഞു പക്ഷി പറക്കുന്നതുപോലെ അവൾക്കു തോന്നി. "എനിക്കതിൽ കേറാൻ പറ്റോ ഉമ്മ.....?"

"മോളു.. വലുതായിട്ടു കേറാം "

"അപ്പോ ഉമ്മ വരില്ലേ?"

"ഉമ്മ താഴെ നിന്ന് മോളെ നോക്കി നിൽക്കും."

സ്കൂൾ കലോത്സവത്തിന് ചിത്രരചന മത്സരത്തിൽ പങ്കെടുത്തപ്പോൾ മറ്റൊരു ചിത്രവും മനസിൽ തെളിഞ്ഞില്ല. പറക്കുന്ന വിമാനത്തെ നോക്കി നിൽക്കുന്ന. 'ഉമ്മയുടെ' ചിത്രമാണ് ആദ്യം വരച്ചത് . പിന്നീട് വിമാനത്തെ മായ്ച്ചു കളഞ്ഞു ഒരു പെൺകുട്ടിയുടെ ചിത്രം വരച്ചുചേർത്തു. ഉയരങ്ങളിൽ പറക്കുന്ന മകളെ നോക്കി നിൽക്കുന്ന ഉമ്മയെ വരച്ച സലീനയ്ക്ക് തന്നെയായിരുന്നു ഒന്നാം സ്ഥാനം.

ഏകാഭിനയ വേദികളിൽ സ്ത്രീ അബലയല്ലെന്നു ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടിറങ്ങി പോരുമ്പോൾ കരഘോഷം കൊണ്ട് സദസ്സ് നിശ്ചലമായിരുന്നല്ലോ?

ഒരു അദ്ധ്യപിക ആവുക എന്നതായിരുന്നു സലീനയുടെ ജീവിതാഭിലാഷം. നന്നായ സാരിയുടുക്കുന്ന അദ്ധ്യാപികമാരെ അനുകരിച്ചു കാണിക്കുമ്പോൾ ഉമ്മ പ്രോത്സാഹിപ്പിച്ചിരുന്നു.

"മോളു ശാലിനിയെ പോലെ നല്ല ടീച്ചറാവണട്ടോ."

രണ്ടാനമ്മയുടെ വരവോടെ കുറ്റപ്പെടുത്തലുകളുടേയും കുത്തുവാക്കുകളുടേയും കൂരമ്പുകളേറ്റവൾ പിടഞ്ഞു. പ്രതിസന്ധികൾക്കിടയിലും നന്നായി പടിക്കാൻ പ്രചോദനമായത് സ്നേഹം നിറഞ്ഞ അദ്ധ്യാപികമാരായിരുന്നു.

ഒമ്പാതാംക്ലാസിൽ നന്നായി പഠിച്ചു കൊണ്ടിരിക്കയാണു ഒരു ദിവസം ആ വിവരം അറിഞ്ഞത് .

'നിക്കാഹ്' !

പ്രതിഷേധത്തിന്റെ കണ്ണുനീർ ബാപ്പയുടെ ചോര കണ്ണുകളിലും ഇളയുമ്മയുടെ വാക്കിന്റെ മുനയിലും തട്ടിയപ്പോൾ കനൽ ചട്ടിയൽ വീണതുപോലെ വറ്റിപ്പോയി.

പറഞ്ഞുറപ്പിച്ച പൊന്നിനും പണത്തിനുമൊപ്പം തന്റെ സ്വപ്നങ്ങളേയും കിഴിക്കെട്ടി സദസ്സിൽ വെച്ച നിക്കാഹ് ദിവസം ഖത്തിബ് എഴുന്നേറ്റു നിന്നു . ദൈവനാമത്തിൽ പ്രസംഗിച്ചു.

"ഭാര്യ ഭർത്താക്കന്മാർ ഇണകളാണ് ."

'പരസ്പരം വസ്ത്രങ്ങൾ പോലെയാണ് .'

വേദഗ്രന്ഥങ്ങൾ എഴുതിയ കരങ്ങൾ എത്ര ശ്രേഷ്ഠമാണ്. കുളിർമഴ പെയ്യുന്ന വാക്കുകൾ കേട്ടപ്പോൾ ഉള്ളിൽ മൈലാഞ്ചി കൈകകൾ ഒപ്പന കൊട്ടി. അങ്ങനെ വസ്ത്രങ്ങൾ ഉരിഞ്ഞു

ഇണചേരുമ്പോൾ ദൈവത്തിന്റെ വരദാനങ്ങളായി പുതുജീവൻ പിറവി എടുക്കുന്നു. എല്ലാ പ്രകൃതിനിയമം. ഒരു ദേശാടനകാലത്തിന്റെ ദൈർഘ്യം മാത്രമെ ആ ദാമ്പത്ത്യത്തിനുണ്ടായതുള്ളു !. അവളെയെന്നു ചവച്ചുതുപ്പിയിട്ടു മറ്റുകനികൾ തേടി അവൻ പറന്നപ്പോൾ ആ തുപ്പലിൽ നിന്നും തെറിച്ചു വീണ ഒരു പട്ടു വിത്ത് സലീനയുടെ ദുർബലമായ ഗർഭപാത്രത്തിൽ മുളപ്പൊട്ടി. അതാണ് കുഞ്ഞ് ഫാത്തിമ.! എല്ലാം ഒരു തനിയാവർത്തനം പോലെ...... പതിനാലു വയസിൽ വിവാഹവും പതിനഞ്ച് വയസ്സിൽ മാതൃത്വവും. വിവാഹ പ്രായത്തെ പതിനെട്ടിന്റെ കുറ്റിയിൽ കെട്ടിയത് പിന്നീടായിരുന്നല്ലോ?

ജീവിത യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ പകച്ചു നിൽക്കാൻ എവിടെയുണ്ട് സമയം?. കുഞ്ഞാങ്ങളമാർ ഇതിനോടകം മരുഭൂമിയിൽമരുപ്പച്ച കണ്ടെത്തിയിരുന്നു. കടപ്പാടുകൾക്കും ബന്ധങ്ങൾക്കും എന്തു വിലയാണുള്ളത്?. ജീവിതരഥം ഒറ്റയ്ക്കു വലിക്കേണ്ടി വന്ന സലീന തൊഴിലുറപ്പു പണിക്ക് പോയി അടുക്കളക്കാരിയായി. കല്യാണവീടുകളിലും മരണവീടുകളിലും താത്കാലികമായി നിയമിതയായി !.

നിർഭേദങ്ങളില്ലാത്ത വേഷങ്ങളിൽ നിറഞ്ഞാടി. എന്നോ വറ്റിപ്പോയ കണ്ണുകൾ ഇന്നു മകൾക്കു അക്ഷരം തേടി വിദ്യാലയത്തിന്റെ വരാന്തയിലൂടെ നടക്കുമ്പോൾ നിറഞ്ഞൊഴുകുകയാണ്. നരച്ച മഫ്ത്തയുടെ തുമ്പു കൊണ്ടു മകളു കാണാതെ സലീന കണ്ണുകളൊപ്പി. മകളുടെ സ്വപ്നങ്ങൾക്കു വിത്തിടുമ്പോൾ കൂടെ വളമായ ചേർക്കാൻ ഈ കണ്ണീരുപ്പല്ലാതെ വേറെന്തുണ്ട് ?

ഹെഡ്മിസ്ട്രസ് കസേരയിലിരിക്കുന്ന ശാലിനി ടീച്ചർ കണ്ണടകൾക്കിടയിലൂടെ അവളെ തിരിച്ചറിഞ്ഞു . കുഞ്ഞു കവിളത്തെ കറുത്ത മറുകിൽ ഒന്നു തൊട്ടുകൊണ്ട് ടീച്ചർ രജിസ്റ്ററിൽ പേര് ചേർത്തു.

'ഫാത്തിമ'

അപ്പോൾ ടീച്ചർക്കുള്ളിൽ ഒരു നെടുവീർപ്പുയരുകയായിരുന്നു!

“ഈ മൊട്ടും വിടാരാതെ........?!!"

**ഖദീജ ഉണ്ണിയമ്പത്ത്**

**[എച്ച്.എസ്.എ സോഷ്യൽ സയൻസ്]**

കഥ



# ഒരു മഴദിവസം

**രാ**വിലെ ഇടിമുഴക്കത്തിന്റെ ശബ്ദം കേട്ടാണ് ജോബിൻ എഴുന്നേറ്റത്. അവൻ കലണ്ടർ നോക്കി ഇന്ന് ഞായറാഴ്ച്ച. അവന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവൻ വേഗം പല്ലുതേച്ചു,കു ളിച്ചു,ചായകുടിച്ച് അടുത്ത വീട്ടിലേക്ക് ഓടി. അമ്മ വിളിച്ചു പറഞ്ഞു മഴയാണെങ്കിൽ ഇങ്ങോട്ട് വന്നേക്കണം കേട്ടോ. അവൻ ആ എന്ന് നീട്ടിയൊന്നു മൂളി. അവൻ അപ്പൂ എന്ന് നീട്ടി വിളിച്ചു അപ്പൂ.......... അവന്റെ അമ്മയാണ് വന്നത് "ജോബി അവൻ ടി.വി കാണുകയാണ്. വാ കയറ് " അവൻ ഉള്ളിലേക്ക് ചെന്നു. അവൻ ടി.വി കണ്ട് ഭക്ഷണം കഴിക്കുകയായിരുന്നു. വേഗം കഴിക്കു അവൻ തിടുക്കം കൂട്ടി. പിന്നെ അവൻ വേഗം കഴിച്ചു തീർത്ത് പുറത്തേക്കിറങ്ങി. പമ്പരവുമായി മറ്റുകൂട്ടുകാരും ചേർന്ന് 'പമ്പരം കുത്ത് ' കളിക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് മഴ പെയ്തു അവൻ വീട്ടിലേക്ക് ഓടി ജോബിനും ഓടി.വീട്ടിലെത്തിയപ്പോൾ അവനൊരു കാര്യം ഓർമ്മവന്നു. താൻ പമ്പരം എടുത്തിട്ടില്ല. അവൻ വേഗം ചെന്ന് പമ്പരം എടുത്ത് തിരികെ വന്നു . അപ്പോഴേക്കും അവൻ നന്നെ നനഞ്ഞിരിന്നു. അവൻ തോർത്തെടുത്ത് വെള്ളമെല്ലാം തോർത്തി മുറ്റത്ത് പോയിരുന്നു. ഉമ്മറത്തേക്ക് പോകുന്ന വഴി അവൻ അവന്റെ അച്ഛന്റെ ഫോട്ടൊ കണ്ടു. അവൻ ഓർത്തു. 'അച്ഛൻ' എന്റെ വഴികളിൽ എനിക്ക് കൂട്ടുനിന്ന എന്റെ അച്ഛനെ ഞാനിപ്പേൾ ഓർക്കുന്നു. അമ്മ എപ്പോഴും അച്ഛന്റെ ഫോട്ടോ കാണുമ്പോഴൊക്കെ കണ്ണിൽ നിന്ന് കണ്ണീർ ഒഴുകുന്നത് അവൻ ശ്രദ്ധിക്കാറുണ്ടായിരുന്നു. അവൻ ഉമ്മറത്തെ ചാരുകസേരയിൽ ഇരുന്നു. പതിയെ അവന്റെ കണ്ണുകൾ അടഞ്ഞു അവന്റെ മനസ്സ് പുറകിലേക്കോടി. അവൻ ഓണ സദ്യക്ക് അച്ഛന്റെ കൂടെ നാട്ടിലാണ്. നാട്ടിലെ പ്രിയ സുഹൃത്ത് ജോയലിനൊപ്പൊം ഞങ്ങൾ പുഴയിൽ പോകാൻ തീരുമാനിച്ചു. അച്ഛൻ ഇറങ്ങരുത് എന്ന് പറഞ്ഞെങ്കിലും ആവേശം മൂത്ത ഞങ്ങൾ വെള്ളത്തിലേക്ക് എടുത്തുചാടി. ഒഴുക്കില്ലെങ്കിലും അടിയൊഴുക്ക് ഭയങ്കരമായിരുന്നു. ഞങ്ങൾ രണ്ടുപേരും ഒഴിക്കിൽപ്പെട്ടു. അച്ഛൻ ചാടി ഞങ്ങളെ രക്ഷിച്ചെങ്കിലും....... പിന്നെ അച്ഛൻ ഒഴികിപ്പോകുന്നതാണ് ഞങ്ങൾ കണ്ടു. പെട്ടെന്ന് അവന്റെ അമ്മ അവനെ തട്ടി വിളിച്ചു.

"അല്ല ഇവിടെ ഇരിപ്പാണോ?" അമ്മ ചോദിച്ചു. അവൻ പതിയെ എഴുന്നേറ്റു. എന്നിട്ട് അമ്മയ്ക്ക് ഒരു ചക്കരമുത്തം നൽകി അവൻ കളിക്കാൻ പോയി.

**ജോർജ് തോമസ് 10 J**



കവിത


# ജലതാണ്ഡവം

ഞാനിതുവരെ കണ്ട
അമ്മ പുഞ്ചിരി
തൂകി  വരവേറ്റിരുന്നു
എന്നെ മഴയാൽ
അണിയിച്ചൊരുക്കിയിരുന്നു
എന്റെ കണ്ണുകൾ നിറ
യുമ്പോളെന്നമ്മ കാറ്റിനാൽ
തഴുകിയിരുന്നു.
വാരിപ്പുണർന്നിരുന്നു.
ഇന്നലെ  എന്തുകൊണ്ടോ
എൻ കൺ നിറഞ്ഞപ്പോൾ
എന്നമ്മ കണ്ടതില്ല.
എന്നമ്മ ഭ്രാന്തമായ്
കരഞ്ഞീടുന്നു,പൊട്ടിച്ചിരിച്ചിടുന്നു.
താളമില്ലാതമ്മയാടിടുന്നു
ജലതാണ്ഡവമാടിടുന്നു.

**ഷബീഹ. ഇ**

**10 H**

കഥ



# രാജുവിന്റെ സൈക്കിൾ

രാജു മോനേ എണീക്ക് ഇന്ന് പരീക്ഷ അല്ലേ?. അമ്മേ ഞാൻ കുറച്ചുനേരം കൂടി കിടക്കട്ടെ. അമ്മ അവനെ വിളിച്ചുകൊണ്ടിരുന്നു. അവൻ എഴുന്നേറ്റു.പല്ലു തേച്ച് ചായ കുടിച്ച് കുളിക്കാൻ പോയി. കുളിച്ചു വന്നു. സ്കൂളിലേക്ക് പോകാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ അവൻ അമ്മയോട് പറഞ്ഞു. അമ്മേ അച്ഛനോട് എനിക്ക് സൈക്കിൾ വാങ്ങുന്ന കാര്യം ഒന്ന് ഓർമിപ്പിക്കണേ, "അച്ഛൻ എന്താ പറഞ്ഞേ? പരീക്ഷയിൽ നല്ല മാർക്കോടെ വിജയിച്ചാൽ സൈക്കിൾ വാങ്ങി തരാം എന്നല്ലേ?". ഫുൾമാർക്ക് വാങ്ങിയിട്ട് ഇവിടെ സൈക്കിൾ വാങ്ങൽ ഉണ്ടാവില്ല എന്ന് അവൻ ശബ്ദം കുറച്ച് പറഞ്ഞു. "എന്താ നീ പിറുപിറുക്കുന്നെ?". ഒന്നുമല്ല. അവൻ ചെറിയ പുഞ്ചിരിയോടെ അമ്മയുടെ മുഖത്തു നോക്കി. എന്നിട്ടവൻ സ്കൂളിലേക്ക് പോയി. സ്കൂളിലെത്തി. അവൻ പരീക്ഷാഹാളിൽ ഇരുന്നു. പരീക്ഷ എഴുതി ഇറങ്ങി.ഹാവൂ!!. രണ്ടു ദിവസം കൂടിയുണ്ട്. എങ്ങനെയെങ്കിലും കഴിഞ്ഞു കിട്ടണം. എന്നിട്ട് പത്തു ദിവസം മുത്തശ്ശന്റെ വീട്ടിൽ. അവിടെ കുറേ കുട്ടികളുണ്ട്,കുളങ്ങളുണ്ട്. രണ്ടു ദിവസം അവൻ തള്ളി നീക്കി. സ്കൂൾ പൂട്ടി. അവൻ മുത്തശ്ശന്റെ വീട്ടിലേക്ക് യാത്രയായി. പത്തു ദിവസം പെട്ടെന്ന് കഴിഞ്ഞു. മോനേ വേഗം ഒരുങ്ങി പേകാൻ നോക്ക്. അവൻ സ്കൂളിലേക്ക് പോയി. സ്കൂളിലെത്തിയപ്പോൾ ഒരു സന്തോഷ വാർത്ത ഉണ്ടായിരുന്നു. അവൻ ഫുൾ മാർക്കോടുകൂടി പാസായിരിക്കുന്നു. അവൻ സ്കൂൾ വിട്ട് വേഗം വീട്ടിലേക്കോടി. അവന് ആകെ അതിശയമായി. വീട്ടിലെത്തി. അവിടെ അമ്മ ചിരിച്ചു നിൽക്കുന്നുണ്ടായിരുന്നു. അമ്മേ ഞാൻ ഫുൾ മാർക്കോടു കൂടി ജയിച്ചിരിക്കുന്നു. അത് ഞാൻ നേരത്തെ അറിഞ്ഞിരുന്നു. "അച്ഛാ...എനിക്ക് സൈക്കിൾ". മോനേ ഞാൻ നാളെ വാങ്ങിത്തരാം. എന്റെ കയ്യിൽ ഇപ്പോൾ കുറച്ച് പൈസയേ ഉള്ളൂ.നാളെ ജോലി ചെയ്ത് അതുകൂടി കൂട്ടിയിട്ട് വാങ്ങിത്തരാം. ശരി അച്ഛാ...പിറ്റേ ദിവസം സ്കൂളിലേക്ക് പോയി. കൂട്ടുകാർ അവനെ കളിയാക്കി. എവിടെടാ നിന്റെ സൈക്കിൾ?. അവനത് വിഷമമായി. അവൻ അതാലോചിച്ച് വീട്ടിലേക്ക് പോകുകയായിരുന്നു. അവൻ ആ ചിന്തയിലാണ്ടു. എതിരെ വന്ന ലോറിയെ അവൻ കണ്ടില്ല. ലോറി അവനെ ഇടിച്ചു. അവൻ തെറിച്ചുപോയി. അവന്റെ കണ്ണുകളടഞ്ഞു. എല്ലാവരും ചുറ്റും കൂടി. അച്ഛനുമമ്മയും സൈക്കിൾ വാങ്ങി വെച്ച് അവനെ കാത്തിരിക്കുകയായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരാംബുലൻസ് വന്നിറങ്ങി. വെള്ളയിൽ പുതപ്പിച്ച് അവനെ ഇറക്കി.അവന്റെ അമ്മ മോനേ എന്നൊരു വിളിയുമായി ബോധം കെട്ടു വീണു. അച്ഛൻ മനംനൊന്ത് കരഞ്ഞു. ആകെയുള്ള മകനെ നഷ്ടപ്പെട്ടതിൽ നരക വേദന അനുഭവിച്ചു. അവർ അവരുടെ ജീവിതം കണ്ണീരിനു സമർപ്പിച്ചു കഴിഞ്ഞിരുന്നു.

**ഷിബ. കെ.എം 9 C**



യാത്രാവിവരണം

# പച്ചവിരിച്ച മാലാഖ

എന്റെ ഈ കൊച്ചു ജീവിതത്തിൽ എനിക്കേറ്റവും കൂടുതൽ ഇഷ്ടം യാത്ര ചെയ്യാനാണ്. അതിന്റെ ഒരു അനുഭവം വാക്കുകളിലൂടെ ഒരിക്കലും പൂർത്തിയാകാറില്ല.

അത്രത്തോളമുണ്ട്. എന്റെ ഒരു കൊച്ചു യാത്രാനുഭവമാണ് ഞാൻ ഇവിടെ പങ്കുവെക്കുന്നത്. ഞാൻ യാത്രചെയ്തതിൽവെച്ച് എല്ലാംകൊണ്ടും എന്റെ മനസ്സ് കീഴടക്കിയ ഒരു യാത്രയായിരുന്നു ആലപ്പുഴയിലേക്കുള്ള ഒരു വിനോദയാത്ര.

ആലപ്പുഴ എന്ന് കേട്ടാൽ നമുക്ക് ആദ്യം ഓർമ വരുന്നത്

നമ്മുടെ പ്രകൃതി തന്നെയാണ്. ഇതു തന്നെയാണ് എന്നെ

അവിടേക്ക് ആകർഷിക്കാൻ കാരണവും. ഞാൻ എന്റെ കൊച്ചു കുടുംബത്തോടൊപ്പമായിരുന്നു ആലപ്പുഴയിലേക്ക് പോയത്.

ഏകദേശം വൈകുന്നേരം 4 മണിക്ക് ഞങ്ങൾ പുറപ്പെട്ടു. 6 അംഗങ്ങൾ ഉൾപെട്ട ഒരു കൊച്ചു കുടുംബമാണ് എന്റേത്. ഞങ്ങളുടെ കൂടെ എന്റെ ഉപ്പാന്റെ കൂട്ടുകാരായ 3

കുടുംബവും ഉണ്ടായിരുന്നു. അവരെല്ലാം അവരുടെ കാറിലും

അതിൽ ഒരു ഫാമിലി ഞങ്ങളുടെ കാറിലും ആയിരുന്നു പെരിന്തൽമണ്ണയിൽ നിന്നാണ് ആ ഫാമിലി ഞങ്ങളുടെ കാറിൽ കയറിയത്. നല്ല രസമായിരുന്നു. അങ്ങനെ ഞങ്ങൾ

വിനോദസഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന പ്രകൃതിരമണീയമായ കുട്ടനാട്ടിൽ എത്തി. ഓരോ വഴി കടന്നുപോകുമ്പോഴും എന്റെ മനസ്സിൽ ആഹ്ലാദം കൂടിക്കൂടി വരികയായിരുന്നു.ആലപ്പുഴ എത്തുന്നതിന് മുമ്പ് ഞങ്ങൾ കൊച്ചിയിൽ വിശ്രമത്തിനായി ഒരു റൂം എടുത്തിരുന്നു.

ആലപ്പുഴയിൽ നിന്നും ഉപ്പാന്റെ വേറൊരു

കൂട്ടുകാരാന്റെ ഫാമിലിയും ഉണ്ടായിരുന്നു.ആ ഫാമലിയെ

എനിക്കൊത്തിരി ഇഷ്ടപ്പെട്ടു. എന്താണെന്നുവെച്ചാൽ അവരുടെ സംസാരവും വസ്ത്രധാരണയും എല്ലാം വളരെ

വ്യത്യസ്തമായിരുന്നു. ഞാൻ പറയുന്നത് അവർക്കോ അവർ

പറയുന്നത് എനിക്കോ വല്ലാതെ മനസ്സിലായിരുന്നില്ല. ഞങ്ങൾ കുട്ടനാട്ടിൽ ഒരു ഹൗസ് ബോട്ടിൽ സ്റ്റേ ചെയ്യാനായിരുന്നു പ്ലാൻ ഇട്ടിരുന്നത്. അങ്ങനെ ഞങ്ങൾ ഹൗസ് ബോട്ട് ഓഫീസിൽ എത്തി ബുക്ക് ചെയ്തു.

5 റൂം ഉള്ള ഒരു അടിപൊളി ബോട്ടായിരുന്നു ഞങ്ങളുടേത്. കുട്ടനാട്ടിൽ ഞങ്ങൾ എത്തി എന്ന് ഞാൻ അറിഞ്ഞത് അവിടുത്തെ പ്രകൃതി കണ്ടായിരുന്നു. അപ്പോൾ

തന്നെ എന്റെ മനസ്സ് കുട്ടനാട് കീഴടക്കി. സത്യം പറഞ്ഞാൽ

ഞാൻ കുട്ടനാടിനെ അതിരറ്റ് സ്നേഹിച്ചു പോയി. ഞങ്ങൾ

പിന്നിട് ഹൗസ്സ് ബോട്ടിൽ പ്രവേശിച്ചു. എല്ലാവരുടെയും

മുഖത്ത് നല്ല സന്തോഷമുണ്ടായിരുന്നു. ബോട്ട് ചലിക്കാൻ തുടങ്ങി. ഞങ്ങൾ ആഹ്ലാദം കൊണ്ട് ചാടിക്കളിച്ചു. ബോട്ടിൽ നിന്ന് ഞങ്ങൾക്ക് നല്ല അടിപൊളി കരിമീൻ പൊള്ളിച്ചതും

പയറും പപ്പടവും സമ്പാറും അവിയലും അങ്ങനെ പലതരം ഭക്ഷണം കിട്ടി. സത്യം പറഞ്ഞാൽ ഇതെല്ലാം കണ്ടപ്പോൾ തന്നെ എന്റെ മനസ്സുനിറഞ്ഞു അങ്ങനെ ഞങ്ങൾ ബോട്ടിൽ രണ്ട് ദിവസം ചിലവഴിച്ചു. എനിക്ക് അവിടെ ഇഷ്ടപ്പെട്ടത്

അവിടുത്തെ ചെറിയ പരവതാനി വിരിച്ച വരമ്പുകളും പിന്നെ

പലതരം മീൻ വിഭവങ്ങളുമായിരുന്നു.ഞങ്ങൾ കുട്ടനാട്ടിൽ

ഒരു വരമ്പത്ത് ബോട്ട് നിർത്തി.ശേഷം കുട്ടനാട്ടിൽ വരമ്പിലൂടെ കുറേ ഓടി നടന്നു.താറാവിൻ കൂട്ടങ്ങളെ കണ്ടു.

അവിടുത്തെ നാട്ടുകാരെ പരിചയപ്പെട്ടു. ചെറിയ പാലത്തിൻ

മുകളിലൂടെ നടന്നു. അവിടുത്തെ പ്രത്യേക തരം ഞണ്ടു വറുത്തതും കരിമീനും കഴിച്ചു.പച്ചപ്പിന്റെ പരവതാനി ഞങ്ങൾ ഒന്ന് മെല്ലെ തലോടി. എത്രപറഞ്ഞാലും തീരാത്ത

ആ പ്രകൃതിയിലേക്ക് ഞങ്ങൾ ഒന്ന് എത്തിനോക്കി.....

അപ്പോൾ അതാ ആ പച്ചവിരിച്ച മാലാഖ എന്നെ മെല്ലെ തലോടുന്നു....

**ഫാത്തിമ തസ്ലീന.കെ**

**10 I**

യാത്രാവിവരണം



# ഗാന്ധി സ്മൃതികളിലൂടെ.....

വട്ടക്കണ്ണടവെച്ച് പല്ലില്ലാത്ത മോണകാട്ടി ചിരിക്കുന്ന, പുൽക്കൊടിയോടുപോലും ദയകാട്ടിയിരുന്ന ഗാന്ധിയപ്പൂപ്പനെ പുസ്തകങ്ങളിൽ വായിച്ചറിഞ്ഞതിലുപരി അടുത്തറിയുക എന്ന ലക്ഷ്യത്തിലേക്കായിരുന്നു എട്ടു ദിവസത്തെ ആ പഠനയാത്ര .

മൂന്നുമാസങ്ങൾക്കുമുമ്പുതന്നെ യാത്രയെക്കുറിച്ചറിഞ്ഞിരുന്നുവെങ്കിലും രക്ഷിതാക്കളുടെ പൂർണ്ണസമ്മതംകിട്ടിയെന്ന് ഞാനുറപ്പിച്ചത് യാത്രയിലെ മറ്റംഗങ്ങളോടൊപ്പം ചേർന്നപ്പോൾ മാത്രമാണ്. കാരണം യാത്രയുടെ തലേനാൾവരെ ഉമ്മയോ ഉപ്പയോ പൂർണ്ണമായി അനുവദിച്ചിരുന്നില്ല.

**18-1-2019**

വീട്ടിൽനിന്നും രാവിലെ പുറപ്പെട്ട ഞങ്ങൾ ഏഴുമണിയോടെ ഗോൾഡ്വ്യൂ ഹോട്ടലിൽ എത്തി. അവിടെ മാതൃഭൂമിയുടെ ഒരുയാത്രാ നിർദ്ദേശ മീറ്റിങ്ങിനും മറ്റെല്ലാ വിദ്യാർത്ഥികളേയും പരിചയപ്പെടലിനും (എല്ലാവരും വത്യസ്ത സ്ഥലങ്ങളിൽ നിന്നും ജില്ലകളിൽ നിന്നുമുള്ളവയാണ്) ശേഷം ഒമ്പതിന് കൊച്ചിൻ വിമാനത്താവളത്തിലേക്ക് പോയി. കൃത്യം പത്തുമണിക്ക് വിമാനത്താവളത്തിൽ ചെക്കിങ്ങിനുകയറി. പന്ത്രണ്ടു മണിക്കായിരുന്നു ഫ്ലൈറ്റ്. അതേ ജീവിതത്തിലെ ആദ്യത്തെ വിമാനയാത്ര മറക്കാനാവാത്ത ഒന്ന്. ഇൻഡിഗോ എയർവെയ്സ് വഴി കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും അഹമദാബാദ് അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തി. 2:30 ന് അവിടെ ലാൻഡ് ചെയ്തു. ശേഷം ബസ്സ് മുഖേന റൂമിലെത്തിയപ്പോഴേക്കും ഏറെ വൈകിയിരുന്നു. എല്ലാവരും (39 കുട്ടികളും 4 ഒഫീഷ്യൽസും ) നല്ല ഗുജറാത്തി ഫുഡടിച്ച് ഉറക്കത്തിലേക്ക് ചാഞ്ഞു .

**19.1.19**

രാവിലെത്തന്നെ ആൽഫ്രഡ് ഹൈസ്കൂളിലേക്കായിരുന്നു യാത്ര. ഗാന്ധിജി പഠിച്ച സ്കൂളിപ്പോൾ കേന്ദ്ര ഗവൺമെന്റ് 40 ഗ്യാലറികളുള്ള ഒരു മ്യൂസിയമായി

സംരക്ഷിക്കുന്നു. അതിനു ശേഷം ഞങ്ങൾ കാബാ ഗാന്ധിയിലേക്ക് ( ഗാന്ധി ഭവനം @ രാജകൊട്ട് ) സന്ദർശിച്ചു. വളരെ വൃത്തിയായി സംരക്ഷിച്ചും അതേ തനിമയോടും നിലനിർത്തിയിരിക്കുന്ന സ്ഥലം.

ശേഷം ഞങ്ങൾ ശ്രീ സ്വാമീനാരായണ അമ്പലം സന്ദർശിച്ചു. വളരെ മനോഹരമായ അമ്പലം എന്നു പറയാതെ വയ്യ. കൊത്തുപണികളും അലങ്കാരങ്ങളും കാരണമാവാം ടൂറിസ്റ്റുകൾ നിലയ്ക്കാതെ വന്നുകൊണ്ടിരുന്നത്.

**20.1.2019**

യാത്രയുടെ മൂന്നാം ദിവസമായ ഇന്ന് ആദ്യ സന്ദർശനം പോർബന്തറായിരുന്നു . ഞങ്ങൾ താമസിച്ച ബിഷപ് ഹൗസിൽ നിന്നും മൂന്നര മണിക്കൂർ യാത്ര. 'കീർത്തി മന്ദിരം' ഗുജറാത്തിന്റെ സംസ്കാരത്തോടെ സംരക്ഷിച്ചിരിക്കുന്നു എന്നതു വളരെ ആനന്ദം നൽകുന്ന ഒന്നായിരുന്നു. അവരുടെ സംസ്കാരം മലയാളികൾക്ക് വൃത്തിഹീനതയായി തോന്നാമെങ്കിലും അവർ അത് അഭിമാനത്തോടെ കാണുന്നു.

ഇതിനു ശേഷം ഞങ്ങൾ സുധാമ അമ്പലം (കച്ച്ടാ) സന്ദർശിക്കുകയും ശേഷം പോർബന്തർ ബീച്ചിൽ എത്തുകയും ചെയ്തു. ശേഷം റൂമിലേക്ക് യാത്ര തിരിച്ചു .

**21.2.2019**

ഇന്ന് ഡൽഹിലേക്ക് പുറപ്പെടേണ്ട ദിവസമായിരുന്നു. രാവിലെ സന്ദർശനം സബർമതി ആശ്രമമായിരുന്നു. ശാന്തവും സുന്ദരവുമായ അന്തരീക്ഷം. വളരെ വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു എന്ന് പറയാതിരിക്കാൻ വയ്യ. ഗാന്ധിയുടെ അഹിംസയും സമാധാനവും വ്യക്തമാക്കണമെന്ന നിശ്ചയദാർഢ്യം അവിടത്തെ പ്രവർത്തകരിൽ തെളിഞ്ഞുകാണാം. എനിക്ക്തോന്നുന്നു ഒരുപക്ഷേ ഇന്ത്യക്കാരിലേറെ വിദേശികളാണവിടത്തെ സന്ദർശകരെന്ന്. ഗാന്ധിജിയെ നാം മനസ്സിലാക്കുന്നതിലേറെ അവർ മനസിലാക്കുന്നുവെന്ന്

തോന്നുന്നു. സബർമതി സന്ദർശനത്തിനുശേഷം റൂമിലേക്ക് മടങ്ങി ഞങ്ങൾ ബാഗുകൾ പാക്ക് ചെയ്ത് ഡൽഹി എയർപോർട്ടിലേക്ക് തിരിച്ചു. 7:00 മണിക്കായിരുന്നു ഫ്ളയിറ്റ്. സ്പൈയ്സ് ജെറ്റ് വഴി ഞങ്ങൾ അഹമ്മദാബാദ് ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഡൽഹി ഇന്റർനാഷണൽ എയർപോർട്ടിലെത്തി. സമയം ഏകദേശം രാത്രി 12:00 മണിയായിരുന്നു.

ടാവൻക്കൂർ ഹൗസ്സിലെത്തിയപ്പോൾ സമയം ഏകദേശം 1:30 ആയിരുന്നു.

**22-1-2019**

യാത്രയുടെ 5-ാം ദിവസമായ ഇന്നായിരുന്നു ഞങ്ങൾ ഏറ്റവും ആഗ്രഹിച്ച ആ സന്ദർശനം ഇന്ത്യയുടെ ബഹുമാന്യനായ വൈസ്സ് പ്രസിഡന്റ് ശ്രീ വെങ്കയ്യ നായിഡുവുമായി

ഒരു കൂടിക്കാഴ്ച. കൃത്യം പതിനൊന്നു മണിക്ക് ഞങ്ങൾ സർദ്ധാർ വല്ലഭായി പട്ടേൽ കോൺഫറൻസ് ഹാളിലെത്തി. 11.30 ആയപ്പോഴേക്കും അദ്ദേഹമെത്തി. എല്ലാവരുമൊത്ത് ഒരു ഫോട്ടൊ എടുത്ത ശേഷമായിരുന്നു കുട്ടികളുമായുള്ള സംസാരം. ഒരു ഉപരാഷ്ട്രപതി എന്നതിന് ഉപരി ഒരു മുത്തച്ഛനെ പോലെയായിരുന്നു അദ്ദേഹം കുട്ടികളുമായി സമയം പങ്കുവെച്ചത്. ഏകദേശം അര മണിക്കൂർ നീണ്ടുനിന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം അവിടെ നിന്ന് ഭക്ഷണം കഴിച്ചാണ് ഞങ്ങൾ മടങ്ങിയത്. ശേഷം ഞങ്ങൾ ഹുമയൂൺസ് ടോമ്പ് സന്ദർശിക്കാനായി അവിടെയെത്തി. ഹുമയൂണിന്റെ പത്നിമാരുടേയും മറ്റു കുടുംബാംഗങ്ങളുടേയും ശവകുടീരങ്ങൾ ഞങ്ങൾക്കിവിടെ ദർശിക്കാനായി. ശേഷം ഇന്ത്യൻ പാർലിമെന്റ് സന്ദർശിക്കാനായി നീങ്ങി. വളരെ സുരക്ഷിതത്വം കാത്തുസൂക്ഷിക്കുന്നതിനാലാവണം കുട്ടികളായിട്ടുപോലും ഞങ്ങൾ നാലോ അഞ്ചോ ചെക്കിംഗിന് വിധേയരായത്. പാർലിമെന്റിൽ ഒരു ഗൈഡുമുണ്ടായിരുന്നു ഞങ്ങൾക്കു കൂട്ടിന്. രാജ്യസഭ ഹാളും ലോകസഭാ ഹാളും കോൺഫറൻസ് ഹാളും സന്ദർശിക്കുകയും ഗൈഡിന്റെ വിവരണങ്ങളിൽ നിന്നും ഓരോ ഭാഗത്തിന്റേയും പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തു. ഇത്രയേറെ പുരോഗമിച്ചിട്ടും ഇന്ത്യ അതിന്റെ പാർലമെന്റ് മന്ദിരം പുതുക്കി പണിതിട്ടില്ല എന്നത് അതിന്റെ പ്രാധാന്യത്തെയും യശ്ശസ്സിനേയും ഉയർത്തുന്നു.

പാർലമെന്റ് ഹാളിനോടു വിടപറഞ്ഞ് ഇറങ്ങിയ ഞങ്ങളെ വരവേറ്റത് രാഷ്ട്രപതി ഭവനാണ്. ഇന്ത്യാഗേറ്റിന് എതിർവശത്തായി സകലപ്രൗഢിയോടും തലയുയർത്തി നിൽക്കുന്ന കെട്ടിടം. രാഷ്ട്രപതി ഭവൻ സന്ദർശിച്ച ശേഷം അതിനു മുൻവശത്തുകൂടി കടന്നുപോകുന്ന റിപ്പബ്ളിക് ദിന പരേഡിന്റെ ചെറിയൊരു ഭാഗം ഞങ്ങൾ നിരീക്ഷിച്ചു. ഇത് പൂർണമായും കാണാനുള്ള അവസരം ലഭിക്കുമെന്നുള്ള ചിന്ത മനസ്സിനകത്ത് ആഹ്ലാദം കൊട്ടിയുണർത്തുന്നുണ്ടെന്ന് പറയാതെ വയ്യ.

ഇന്ത്യാഗേറ്റ് ആയിരുന്നു അടുത്ത സന്ദർശന സ്ഥലം. ചുറ്റുഭാഗമെല്ലാം ത്രിവർണ്ണ പതാകകളാൽ അലങ്കരിച്ച് ഇന്ത്യാഗേറ്റ് അതിമനോഹരിയായി കാണപ്പെട്ടു. സമയം ഏറെ വൈകിയതിനാൽ ഞങ്ങൾ ഹോട്ടലിലേക്ക് മടങ്ങി.ട്രാവങ്കൂർ ഹൗസിൽ നിന്ന് ഞങ്ങൾ യിൻക ഹോട്ടലിലേക്ക് മാറിയിരുന്നു.

**23.1.2019**

രാവിലെ ഏറെനേരത്തേ എഴുന്നേറ്റെങ്കിലും ആരിലും അതിന്റെ വിഷമം ഉണ്ടായിരുന്നില്ല. ഇന്ത്യാ രാജ്യത്തിന്റെ റിപ്പബ്ലിക്ക് ദിന പരേഡിന്റെ ഡ്രസ്സ് റിഹേഴ്സൽ നേരിട്ടു കാണാനുള്ള അവേശമായിരുന്നു എല്ലാവരിലും. എട്ടു മണിക്ക് പരേഡാരംഭിച്ചു. ഒരോ ബറ്റാലിയൻ മുന്നിലൂടെ കടന്നുപോകുമ്പോഴും വല്ലാത്തൊരു ആവേശമായിരുന്നു. ലേഡീസ് ബറ്റാലിയൻ മുന്നിലൂടെ പോയപ്പോൾ ലഭിച്ച ആനന്ദം വല്ലാത്തതായിരുന്നു. ശേഷം സംസ്കാരം

വിളിച്ചോതുന്ന ഒൻപതോളം ആവിഷ്കാരവും അവിടെ നടന്നു. ഗോവ, തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയവയെല്ലാം മുന്നിലൂടെ കടന്നുപോയപ്പോഴും കേരളം അതിലുണ്ടായിരുന്നില്ല. അഞ്ചുവർഷമായി കേരളത്തിന് ഇതിൽ അവസരം ലഭിച്ചില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഇന്ത്യൻ സൈന്യം, ഇന്ത്യൻ നാവികസേന, ഇന്ത്യൻ എയർഫോർസ്. എന്നിവയുടെയെല്ലാം ശക്തി വെളിപ്പെടുത്തുന്ന വിവിധ പ്രകടനങ്ങൾ ഞങ്ങൾക്കവിടെ ദർശിക്കാനായി. ഇതിനുശേഷം വിരേന്ദ്രകുമാർ എം.പി യുടെ ഗസ്റ്റ് ഹൗസ് സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ഭാര്യയുമായി സംസാരിക്കുകയും ചെയ്തു.

ശേഷം ഞങ്ങൾ ' അഗ്രാസൻ കി ബാഓലി ' സന്ദർശിക്കുന്നതിനായി പോയി. ജല ദൗർലഭ്യം പരിഹരിക്കാനായി നിർമ്മിച്ച ആദ്യകാലത്തെ ഒരു വാട്ടർ റിസർവോയർ ആയിരുന്നു. ഇപ്പോൾ അത് വിനോദസഞ്ചാര കേന്ദ്രമായി സംരക്ഷിച്ചുവരുന്നു.

ശേഷം ഗാന്ധി മ്യൂസിയത്തിലെത്തിയ ഞങ്ങൾ അവിടം വേഗത്തിൽ സന്ദർശിച്ച് ഗാന്ധി സമാധി കാണാനായെത്തി. 'രാജ്ഘട്ട് ' ഇന്ത്യയുടെ രാഷ്ട്രപിതാവുറങ്ങുന്ന മണ്ണ്. അദ്ദേഹത്തോടുള്ള ആദരസൂചകമായി കെടാതെ ഒരു വിളക്കവിടെ കത്തിക്കൊണ്ടിരിക്കുന്നു അദ്ദേഹത്തോടുള്ള ആദരസൂചകമായി രണ്ടുമിനിറ്റ് മൗനപ്രാർഥനയ്ക്കുശേഷം ഞങ്ങൾ അവിടെ നിന്നും മടങ്ങി.

ശേഷം ചെങ്കോട്ട കാണാനായി എത്തി. ഞങ്ങളെ നിരാശപ്പെടുത്തികൊണ്ട് അതിലേക്ക് പ്രവേശനം അനുവദിക്കില്ല എന്നുപറഞ്ഞു. എങ്കിലും ഒരുപാട് കഷ്ടപ്പെട്ട് ഞങ്ങൾ അത് സന്ദർശിച്ചു. ചെങ്കോട്ടയുടെ ഉയരങ്ങളിൽ പാറിപ്പറക്കുന്ന ഇന്ത്യയുടെ പതാക വല്ലാത്തൊരു മനോഹാരിത അവിടെ പടർത്തുന്നുണ്ടായിരുന്നു.

എങ്ങനെയാണ് ജന്തർ മന്ദറിൽ സമയം നിർണയിക്കുന്നതെന്നൊന്നും അറിയില്ലെങ്കിലും അത് മുഴുവൻ ഞങ്ങൾ നടന്നു കണ്ടു. മണിക്കൂറുകളും മിനിറ്റും സെക്കന്റും അടക്കം എത്ര ശാസ്ത്രീയമായാണിതു പണിതവർ കണ്ടെത്തിയതെന്നത് വലിയ അത്ഭുതകരം തന്നെയായിരുന്നു.

ശേഷം ഞങ്ങൾ ഷോപ്പിങ്ങിനായി ജൻപത് മാർക്കെറ്റിലേക്ക് നീങ്ങി . രണ്ടുമണിക്കൂറോളം നീണ്ടുനിന്ന ഷോപ്പിങ്ങിൽ പലരും പലതും വാങ്ങിക്കൂട്ടി. ശേഷമുള്ള മടക്കയാത്രയിൽ മൂന്നു നിറങ്ങളിൽ തലയുയർത്തി നിൽക്കുന്ന ഇന്ത്യാഗേറ്റ് വളരെ മനോഹരമായിരുന്നു. റൂമിയിലേക്കുള്ള ഈ മടക്കയാത്രയിൽ ഡൽഹി പോലീസ് ഹെഡ് കോർട്ടേസ്, കൃഷിഭവൻ, വിജ്ന്യം ഭവൻ, നിർമൻ ഭവൻ എന്നിവ സന്ദർശിച്ചു.

**24-1-2019**

നാട്ടിലേക്കുള്ള മടക്ക ദിവസം. എല്ലാവരിലും തളംകെട്ടിനിൽക്കുന്ന സങ്കടം. രാവിലെത്തന്നെ കുത്തുബ്മിനാർ കാണാനായി പുറപ്പെട്ടു. 2 മണിക്ക് ഫ്ളയ്റ്റ്

ആയതിനാൽ വളരെ വേഗം മടങ്ങേണ്ടിരുന്നു.ലോട്ടസ് ടെമ്പ്ൾ സന്ദർശിച്ച ശേഷം ഞങ്ങൾ ബിർല ഹൗസിലേക്ക് തിരിച്ചു. ഗാന്ധി വെടിയേറ്റ സ്ഥലവും, വെടിയേറ്റ് രക്തം പതിഞ്ഞ ഉടുപ്പും, ബുള്ളറ്റുമടക്കം ഞങ്ങളവിടെ കണ്ടു.അവിടെ നിന്ന് മടങ്ങിയ ഞങ്ങൾ എ.കെ ആന്റണിയുമായി ഒരു കൂടിക്കാഴ്ച്ച നടത്തി. ശേഷം സരോജിനി നായിഡു മാർക്കറ്റിൽ ഒരു ഷോപ്പിങ്ങും നടത്തി. 2:30 നായിരുന്നു ഫ്ളയ്റ്റ്. 2:30 ന് ഇന്ത്യൻ എയർവെയ്സ് വഴി ഞങ്ങൾ ഡൽഹി എയർപോട്ടിൽ നിന്നും കോയമ്പത്തൂർ എയർപോട്ടിലേക്ക് തിരിച്ചു. 11 മണിക്ക് ഞങ്ങൾ കോയമ്പത്തൂരിലെത്തി. അതേ 8 ദിവസങ്ങളോളം ഒരു കുടുബത്തെപ്പോലെ കഴിഞ്ഞ 39 പേർ ഇന്ന് പല ജില്ലകളിലേക്കായി പിരിയുന്നു.എവിടെ പോയാലും അവിടെ തങ്ങൾക്കു വേണ്ടി ഒരു കൂട്ടുകാരനുണ്ടാകും എന്ന പ്രതീക്ഷയോടെ......

**ഹെന്ന. ടി**



മിനിക്കഥ

# കള്ളൻ

ഒരു രാത്രി കള്ളൻ ഒരു മാളികപ്പുരയിൽ കയറി. എല്ലായിടത്തും അവൻ പരതി. പക്ഷേ തനിക്കു വേണ്ട സാധനം കിട്ടിയില്ല. അവസാനം അയാൾ ആ മാളികപ്പുരയിലെ ഏറ്റവും ചെറിയ, പൊടിയും മാറാലയും പിടിച്ച നിൽക്കുന്ന മുറിയിൽ കയറി. അയാൾക്ക് സന്തോഷമായി. തനിക്കു വേണ്ട സാധനം അതാ അവിടെ നിലത്ത് പായവിരിച്ച് കിടക്കുന്നു. അയാൾ ആ കിടക്കുന്ന ആളെ മോഷ്ടിച്ചു. ആ വീട്ടിലെ മുത്തശ്ശിയെ. അടുത്ത ദിവസം ആരും പോലീസിൽ പരാതി നൽകിയില്ല. മുത്തശ്ശി പോലും.......

**ഫാത്തിമ നഫ്ല.പി 10 J**



കവിത

# ഓർമ്മയുടെ ഒരു കുളിർമഴ

ഒരു രജനിയിൽ മഴ പെയ്തീടവേ
തുള്ളികളായിരം ഇറ്റു വീണു
ഇടതിങ്ങിയെങ്ങും വളന്നീടുമാ..
പച്ചവിരിക്കുന്ന മാമരങ്ങൾ.
പൊട്ടി വിടർന്നൊരു പൂവൊരു കായയായ്....
താരകങ്ങൾ മിന്നിത്തിളങ്ങും പോലെ
വാനത്തിൽ നിന്ന് പൊട്ടിച്ചിതറി–
യൊരു പളുങ്കുമാല
മാരുതൻ സത്വരം വർഷത്തെ വിളിച്ചു
മഴയിൽ കുളിരേകി അടിമുടി നനഞ്ഞു
പുഴകൾ ഉണരും പ്രകൃതി വിരിയും
സ്ഫുരിക്കുന്ന തുള്ളികൾ ഇലത്തുമ്പിൽ
താരാജാലം പോലുള്ള തുള്ളികൾ
മാറിയ മഴയിൽ ഈറൻ പ്രകൃതി
ഈ കുളിർ മഴയിൽ നഗ്നനായി നിന്നു പ്രകൃതി
ശോഭ നിറഞ്ഞു ഈ മഴയിൽ
ഭൃതി നിറഞ്ഞൊഴുകി
സുഗന്ധത്തിൽ പൂത്തിരി കത്തിയ മഴ
കൊഞ്ചൽ മഴ തൂകി പ്രകൃതിയ്ക്ക് ഒരുണരായി
ആയിരം തുള്ളികൾ പുഴയ്ക്കു മീതെ വരവായി....
ആടിയുലഞ്ഞു മെല്ലെ മെല്ലെ
പ്രകൃതി ഊഞ്ഞാലാടുന്നു....
തളിരിലക്കൈകൾ മെല്ലെ മെല്ലെ
കൊച്ചടി വെയ്ക്കവേ....

ആലോലാമൃതം മധുരം നുകർന്നു
കാറ്റു പുതു മധു പുഞ്ചിരിയേകി
ചുംബിച്ചു ഇലകളെ തലോടിയും
നീയെവിടേയ്ക്കു പോവുന്നു
ആനാഥരാം കൊച്ചു പുൽച്ചെടിയ്ക്കു.
തണലായി സുഗന്ധമായി കുളിർകാറ്റ്
മേഘങ്ങൾ കാത്തു വന്നു മാനം
കാറ്റിൻ ശക്തി പകർന്നു....
പ്രകൃതി ആടിയുലഞ്ഞു ചാഞ്ചാടി
വൃക്ഷലതാദികങ്ങൾ പുഞ്ചിരി കൊഞ്ചിയാടി
കുയിലിൻ സംഗീതമായി ഒരു താളം
മയിൽ നൃത്തമായി ഒരു ചുവട്
പൂങ്കാറ്റിൽ സുഗന്ധം കിനാവ് പോലെ
തുമാരി തോർന്നപ്പോൾ സുഗന്ധം നിലാവ് പോലെ
പുഴപോലെ ഒഴുകുന്ന സംഗീതമായ് കാറ്റ്
ഏഴഴകുള്ളൊരു മഴവില്ലഴകായ് പ്രകൃതി
പുഴകൾ നിറഞ്ഞൊഴുകി ഈ രാവിൽ
ഇലകൾ പൊഴിഞ്ഞു ഈ മണ്ണിൽ
പഞ്ഞി പോലുള്ള മേഘം ഈ വാനിൽ
സുഗന്ധ കുളിർക്കാറ്റ് തുറന്നു ഈ കിളി വാതിൽ
ഇലത്തുമ്പിൽ നിന്ന് ഇറ്റു വീണ
ഒരുൻമ്മാദമാം തുള്ളി
മഴയ്ക്ക് നിഴലായ് മാരുതൻ
അഴകുള്ളൊരു മഴയ്ക്ക്
താളമായി തുള്ളി..............

നന്ദന. ടി.കെ 9 K

**സ്കൂളോർമ്മകൾ**

# സൗഹൃദം

**ഓ**രോ അദ്ധ്യയന വർഷവും ഓരോ വസന്തമാണ് ശിശിരത്തിൽ ആ പൂക്കൾ കൊഴിയുമെങ്കിലും അടുത്ത വസന്തത്തിനായുള്ള കാത്തിരിപ്പുണ്ടായിരുന്നു. പക്ഷെ.....ഇനി...

ഇന്ന് ഞാൻ ഓർക്കുന്നു.ചിരിച്ചും പരസ്പരം തല്ലുകൂടിയും കളിച്ചു നടന്ന ആ സായാന്തനത്തിൽ മുന്നിൽ കിടന്ന കല്ലിൽ കാലുതട്ടി ഞാൻ വീണു മുട്ട് പൊട്ടിയപ്പോൾ ഓടി അടുത്തുവന്നതും, ശരീരത്തിലെ മണ്ണ് തട്ടി എന്നെ എഴുന്നേൽപ്പിച്ചതും എന്റെ കൂട്ടുകാരായിരുന്നു. ഇലക്കുമ്പിൽകൂട്ടി വെള്ളം നിറച്ച് മുറിവിലെ ചോര കളയുമ്പോഴും കമ്മ്യൂണിസ്റ്റ് പച്ചയരച്ച് മുറിവിൽ വെച്ചപ്പോൾ നീറ്റൽ കൊണ്ടെന്റെ കണ്ണുനിറയുന്നത് കണ്ട് പുതപ്പ് കൊണ്ട് മൂടിയ മാവിൻ കൊമ്പിലെ ഇല യിലേക്ക് നോക്കിയാൽ വേദന മാറുമെന്ന് പറഞ്ഞതും എന്റെ കണ്ണു നീർ തുടച്ച് എന്നെ ആശ്വസിപ്പിച്ചതും എന്റെ കൂട്ടുകാരാണ്. അന്നാണ് ഞാൻ സൗഹൃദത്തിന്റെ വീര്യം അറിഞ്ഞത്.

പിന്നീട് സ്കൂൾ വരാന്തയിലൂടെ തമാശ പറഞ്ഞ് പരസ്പരം പാരവെച്ച് നടന്നതും കോണിപ്പടികളിലും ക്ലാസ് മുറികളിലെ ഡെസ്കിന് പുറത്തുമിരുന്ന് സൊറ പറഞ്ഞതും എന്റെ കൂട്ടുകാരോടൊപ്പമായിരുന്നു.അധ്യാപകരെക്കുറിച്ച് പരദൂഷണം പറയുമ്പോഴും കൊച്ചു കൊച്ചു അബദ്ധങ്ങൾ പറഞ്ഞ് പരസ്പരം കളിയാക്കുമ്പോഴും ഒച്ച വെച്ച് ക്ലാസിൽ അലമ്പുണ്ടാക്കുമ്പോൾ ടീച്ചറുടെ ചൂരലിന് മുമ്പിൽ കൈ നീട്ടുമ്പോഴും എല്ലാവരും പരസ്പരം തിരിച്ചറിയുന്നുണ്ടായിരുന്നു. ഹോംവർക്ക് ചെയ്യാതെ ക്ലാസ്സിൽ വന്ന് ടീച്ചർ വരുമ്പോഴേക്കുമത് എഴുതിതീർത്ത് നല്ല കുട്ടി ചമഞ്ഞതും ഞങ്ങൾ ഒരുമിച്ചായിരുന്നു. ടീച്ചർ വഴക്ക് പറയുമ്പോഴും ശരിയെന്നു തോന്നുന്ന കാര്യങ്ങൾ ചെയ്യുമ്പോഴും ഞങ്ങൾ ഒരുമിച്ചായിരുന്നു. സിനിമാ ഡയലോഗ് പോലെ പറഞ്ഞാൽ തല്ലാനായാലും തല്ല് കൊള്ളാനായാലും ഞങ്ങൾ ഒരുമിച്ചുണ്ടാകും. തെറ്റ് എന്ന് ഉറപ്പുള്ള ഏതൊരു കാര്യത്തിനെതിരെയും പ്രതികരിക്കാൻ എന്നെ പഠിപ്പിച്ചത് ഈ സ്കൂളിലെ അധ്യാപകരാണ്. പക്ഷേ ഞാൻ പതറിയ നിമിഷങ്ങളിൽ ഞാൻ പകച്ചു പോയപ്പോൾ എന്നെ പ്രോത്സാഹിപ്പിച്ചതും എനിക്ക് ആത്മധൈര്യം പകർന്നതും എന്റെ സുഹൃത്തുക്കളാണ്. എന്നെ സാഹിത്യത്തിന്റെ ലോകത്തേക്ക് കൈപ്പിടിച്ച് നടത്തിയത് എന്റെ പ്രിയപ്പെട്ട അധ്യാപകരാണ്. പക്ഷെ എന്നെ എഴുതാൻ പ്രേരിപ്പിച്ചത് എന്റെ കൂട്ടുകാരാണ്.എന്റെ കഴിവുകളെ പ്രോത്സാഹിപ്പിച്ചതും എന്റെ സന്തോഷങ്ങളിൽ പങ്കുചേർന്ന് എന്നോടൊപ്പം ചിരിച്ചതും എന്റെ ദുഖങ്ങളിൽ എന്നെ ആശ്വസിപ്പിച്ചതും അവരാണ്. ഇന്ന് അതെല്ലാം ഓർക്കുമ്പോൾ എരിയുന്ന കനലിലേക്ക് വെള്ളം തളിച്ച പോലെയാണ്. ഒരുപാട് നല്ല ഓർമ്മകളും നൊമ്പരങ്ങളും സമ്മാനിച്ച ഈ വിദ്യാലയത്തിന്റെ പടിയിറക്കം.ദൈവം ഒരു ചരടിൽ ഞങ്ങൾ 24 മുത്തുകൾ കോർത്തിണക്കി.ഞങ്ങൾ ഒരു സൗഹൃദത്തിന്റെ മാളികതന്നെ പണിതു. പണത്തിനേക്കാൾ മൂല്യമുള്ള ലോകത്തിലെ ഏറ്റവും വലിയ സമ്പാധ്യമാണ് സൗഹൃദം. അതിന്റെ മാധുര്യം നുകർന്നുകൊണ്ട് ഞാൻ പടിയിറങ്ങുകയാണ്. ഒരിക്കലും മരിക്കാത്ത സൗഹൃദത്തിന്റെ നിനവുകളുമായി.

**നദ. വി.എം**

കഥ

# സ്നേഹം

" **ഞാൻ** എന്തെങ്കിലും ഒരു ജോലിക്കു പോയാലെന്താ ?"
" ഇവിടെ ഇങ്ങനെ ഇരുന്നിട്ടെന്താ, ആതാവുമ്പോ മിണ്ടാനും പറയാനുമെങ്കിലും ആരേയും കാണാമല്ലോ ?"
പുറത്തേക്ക് നോക്കിയിരുന്ന കൊണ്ട് അയാൾ ആരോടെന്നില്ലാതെ പറഞ്ഞു.
കേട്ടിരുന്ന ഭാര്യക്ക് അതിൽ തെല്ലും
ആഹ്ലാദമോ ആശ്ചര്യമോ ഉണ്ടായിരുന്നില്ല. അതിനു കാരണമുണ്ട് . വയസ് അറുപതിന് മുകളിലായി രണ്ടു പേർക്കും. ഇത്രകാലമായും ഒരു ജോലിയും ചെയ്തില്ല. എന്നുമാത്രമല്ല ഉണ്ടായിരുന്ന പറമ്പും വീടുമെല്ലാം വിറ്റു നശിപ്പിക്കുകയും ചെയ്തു.
"ഇതിപ്പോ ഈ ടൗണിൽ നിങ്ങൾക്കു പറ്റിയ ജോലി ?. അതും ഈ പ്രായത്തിൽ ?."
അവർ മറുപടിയായി ചോദിച്ചു .
നടക്കാൻ പോയപ്പോൾ ഞാൻ ഇന്നും നമ്മുടെ രവിയെ കണ്ടിരുന്നു. ഞാൻ ഇത് സൂചിപ്പിച്ചിട്ടുണ്ട് . അവൻ മാനേജറായി ജോലി ചെയ്യുന്ന ഹോട്ടലിൽ എന്തെങ്കിലും തരമാക്കാമെന്ന് പറയുകയും ചെയ്തു. ഇവിടെ ഇപ്പോൾ വന്നിട്ട് എത്ര നാളായി ........
എല്ലാം കേട്ടുകൊണ്ടിരുന്ന ഭാര്യ പറഞ്ഞു " നല്ലതാണ് ഇവിടെ ഇങ്ങിനെ വെറുതെ ഇരിക്കുന്നതിലും ....."
അവൾ കറിക്കരിയുന്നതിൽ നിന്ന് തലയുയർത്തി എങ്കിൽ ഞാനൊരു കാര്യം പറയട്ടെ,ആദ്യം കിട്ടുന്ന ശമ്പളം എനിക്കുതരണം.
എന്തോ മനസിൽ ഉദ്ദേശിച്ചെട്ടെന്നപോലെ അവർ പറഞ്ഞു.
“തരാം...”
അയാൾ ആവേശത്തോടെ പറഞ്ഞു .
മൂത്ത മകന്റെ കുട്ടിയുടെ പഠനത്തിനുവേണ്ടി ടൗണിൽ വാടകവീട്ടിലേക്ക് താമസം മാറിയതായിരുന്നു രണ്ടുപേരും .
ഭാര്യ ചുറ്റുപാടുമായി വേഗത്തിൽ ഇണങ്ങിയെങ്കിലും അയാൾ തീർത്തും ഒറ്റപ്പെട്ടുനിൽക്കുകയായിരുന്നു. അവൾ എപ്പോഴും അങ്ങനെയാണ് എവിടേയും ഏതു സാഹചര്യത്തിലും ഒത്തുപോകും അങ്ങനെയാണെല്ലോ പണ്ടൊരു ഓപ്പറേഷന് മധ്യപ്രദേശിൽ മകന്റെ അടുത്തുപോയി നിന്നപ്പോൾ ചികിത്സിക്കാൻ വന്ന പഞ്ചാബി ഡോക്ടറുമായി ഭാഷ മറന്നുപോലും സംസാരിക്കാൻ കഴിഞ്ഞത് അവൾ അന്ന് മലയാളത്തിലും തിരിച്ച് ഡോക്ടർ ഹിന്ദിയിലും. രണ്ടു പേർക്കും കാര്യങ്ങൾ മനസിലായി .

അപ്പോഴും അയാൾ ഒന്നും മിണ്ടാതെ അവിടെ ഇരിക്കുക മാത്രമാണ് ഉണ്ടായിരുന്നത്. പറഞ്ഞപോലെ രവി ജോലി ശരിയാക്കി മൂവായിരം രൂപ ശമ്പളം. അങ്ങനെ പറയുന്നത്രയ്ക്ക് വലിയ ജോലിയൊന്നുമില്ല. ഹോട്ടലിൽ വരുന്ന താമസക്കാർക്ക് മുറി തുറന്നു കൊടുക്കുക അവരുടെ പേരും അഡ്രസ്സും ഒക്കെ എഴുതിവെയക്കുക അത്രതന്നെ. കൂടുതലും അടുത്തുള്ള ക്യാൻസർ ഹോസ്പിറ്റലിലേക്ക് കൂട്ടുവരുന്നവരാവും. അല്ലെങ്കിൽ അമ്പലത്തിൽ തൊഴാൻ വരുന്നവർ.

എന്തായാലും അയാൾ കൃത്യമായി ജോലിക്ക് പോകാൻ തുടങ്ങി.

ഉച്ചക്കുള്ള ഊണും ,ചായക്കുള്ളതും, ഊണ് കഴിഞ്ഞ് കഴിക്കാനുള്ള മരുന്നമെല്ലാം അവർ കൃത്യമായി വേറെ വേറെ പൊതിഞ്ഞ് അയാൾക്ക് കൊടുത്തയച്ചു. അയാൾ റോഡിലേക്ക് എത്തുന്നതുവരെ അവർ ഉമ്മറത്ത് നോക്കിനിന്നു . ഉത്സാഹത്തോടുകൂടി അയാൾ ദിവസവും ജോലി ചെയ്തു . അവൾ ആലോചിക്കുകയായിരുന്നു.

ഇതിപ്പൊ എല്ലാം അവസാനിക്കാറായ സമയത്ത് ഭർത്താവിനുണ്ടായ മാറ്റം അവർക്ക് പുതുമയുള്ളതായി.

അവർ ജീവിതത്തിൽ ആദ്യമായി പരസ്പരം സ്നേഹിക്കുകയായിരുന്നു.

ഇത്രയും കാലം അയാൾ ജീവിതം തന്റേതായ രീതിയിൽ ആഘോഷിച്ചിരുന്ന ആളായിരുന്നു. മദ്യപാനവും അതിലൂടെയുള്ള കൂട്ടുകാരും . ഭാര്യയുടെ പേരിലടക്കം ഉണ്ടായിരുന്നതൊക്കെയും കുടിച്ചും ബാക്കി അറിയാതെ ചില കച്ചവടങ്ങൾ ചെയ്തും , എല്ലാം കഴിഞ്ഞപ്പോൾ നാടുവിട്ടു.

ആദ്യമൊക്കെ അവൾ ഇടപെട്ടെങ്കിലും പിന്നീട് അയാളുടെ കാര്യങ്ങൾ തിരക്കുവാനോ ഉപദേശിക്കാനോ പോയില്ല. അവൾ മക്കളെ വളർത്തി അവരുടെ കാര്യങ്ങൾ ചെയ്തു തീർക്കാനുള്ള ഓട്ടത്തിലായിരുന്നു. അവൾ ചിരിച്ചുകൊണ്ട് അകത്തേയ്ക്കു കയറി. മക്കൾ വിളിക്കുമ്പോഴൊക്കെ അച്ഛൻ ജോലിക്കു പോകുന്ന വിശേഷങ്ങൾ അവൾ ആവേശത്തോടെ പറഞ്ഞു. ആദ്യമൊക്കെ അവർ ഇതിപ്പൊ വേണമായിരുന്നോ എന്ന് ചോദിച്ചെങ്കിലും പിന്നീട് എതിർത്തില്ല.

ആദ്യ ശമ്പളം കിട്ടിയ ദിവസം അയാൾ നേരത്തെ വീട്ടിൽ എത്തി. വീട്ടിൽ കയറാൻ പോലും നിൽക്കാതെ രണ്ടുപേരും ഓട്ടോ പിടിച്ച് ടൗണിൽ പോയി. കിട്ടിയ മൂവായിരത്തിനും അവൾ ഒരു അടിപൊളി സാരിവാങ്ങി. അവരുടെ അവേശം കണ്ട് അവിടെ നിൽക്കുന്ന പെൺകുട്ടികൾ പരസ്പരം നോക്കി ചിരിച്ചു.

ഒരു രൂപപോലും അയാൾക്ക് അതിൽനിന്ന് കൊടുക്കുകയോ വേണമോയെന്നു ചോദിക്കുകയോ ഉണ്ടായില്ല. എങ്കിലും അയാൾ ഒന്നും മിണ്ടിയില്ല. യാത്രയിൽ അവൾ അയാളോട് പറഞ്ഞു.

“ഇത് ഞാൻ നമ്മുടെ കല്യാണം കഴിഞ്ഞ നാളിൽ ഒന്ന് നിങ്ങളുടെ കൈകൊണ്ട്

കിട്ടണമെന്ന് ആഗ്രഹിച്ചതാ. പത്തുമുപ്പതഞ്ചുകൊല്ലം കഴിഞ്ഞിട്ടാണെങ്കിലും അത് നടന്നു. വടക്കുനാഥനെ കണ്ടു തിരിഞ്ഞു. ഓട്ടോ പോയപ്പോൾ അവർ ആ സാരിയും കൂടി തൊഴുതു. ഒരു കാര്യം കൂടി . അടുത്തമാസത്തെ ശമ്പളം കൂടി എനിക്ക് തരണം. ഒരു ചെറിയ മോതിരം വാങ്ങണം. ഒരു ഗ്രാമായാലും മതി. പിന്നെ നിങ്ങൾ എന്തുവേണങ്കിലും ചെയ്തോ. ഞാൻ ചോദിക്കില്ല.....

'തരാം.... ഇനി ഞാൻ ഉണ്ടാക്കുന്നതുമുഴവൻ നിനക്കുള്ളതാണല്ലോ.'

അയാൾ എന്തെന്നില്ലാതെ ആത്മസംതൃപ്തിയിലും സന്തോഷത്തിലുമായിരുന്നു.

നാളിത്രയും ഇല്ലാത്ത ഒരു ജീവിതത്തിലേക്ക് കടക്കുകയായിരുന്നു. അവർ രണ്ടുപേരും മക്കളോടൊക്കെ ദിവസവും ഫോൺ ചെയ്തു. അയാൾ ചുറ്റും നടന്നു പരിചയപ്പെടുത്തി. ഇഷ്ടമുള്ളതൊക്കെ രണ്ടുപേരും കൂടി പാചകം ചെയ്തു.

അങ്ങനെ...അങ്ങനെ....

അവർ പരസ്പരം സ്നേഹിച്ചു തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ.

ജീവിതത്തിൽ താൻ ഈ ലോകത്ത് ഏറ്റവും കൂടുതൽ സ്നേഹിച്ചത് തന്റെ ഭാര്യയെ ആണ് എന്ന് പറഞ്ഞുകൊണ്ടേയിരുന്നു.

**ഹുദാ ഹനീന 10 L**



കവിത

# ജീവിതം

പത്തുമുപതിനായിരം ദിവസം കൊണ്ടു-
തീരുന്ന ഒരു കേസുകെട്ടിന്റെ പേരാണ്
ജീവിതം
ഈ ജീവിതത്തെ ഭംഗിയുള്ളതാക്കു -
ന്നത് എന്താണ് ?
നമ്മുടെ കൂടെയുള്ള മനുഷ്യരാണ്.
നമ്മുടെ ബന്ധങ്ങൾ , നമ്മുടെ സുഹൃത്തുക്കൾ
നമ്മുടെ സഹജീവികൾ
മനുഷ്യരുടെ വില എന്ത് എന്ന് നല്ലവണ്ണം അറി-
യുന്നവരാണ് നമ്മൾ! ഒരു പ്രളയം
നമ്മുക്ക് പറഞ്ഞുതന്നു മനുഷ്യന്റെ വില എന്തെന്ന്.
അപ്പുറത്ത് മൂന്നാളുകളും വെള്ളം വന്ന്
മരിച്ചുവെന്ന് പറഞ്ഞുകരയുന്ന അയൽക്കാരാ -
നെ നാം കണ്ടു.
അന്യർക്ക് പ്രവേശനം ഇല്ല എന്ന് നാം
എഴുതിവെച്ച ബോർഡുകൾ പ്രളയം വന്ന്
എടുത്ത് കൊണ്ടുപോയി.

**ശിബിലാ ഷെറിൻ 10 D**



കവിത

# തിളങ്ങുന്ന ഗാന്ധി

ചർക്കയിലൂടെ നൂൽ നെയ്ത്
നമ്മുടെ നാടിൻ അഭിമാനം
കാത്തവനാണി അപ്പൂപ്പൻ
ഖാദിത്തുണിയും മാന്ത്രിക വടിയും
വട്ടക്കണ്ണടയുമുള്ള അപ്പൂപ്പൻ
നമ്മുടെ നാടിൻ ശാന്തി വെളിച്ചം
പകർന്നു തന്നൊരു അപ്പൂപ്പൻ
നമ്മുടെ നാട്ടിൽ സ്വാതന്ത്ര്യക്കൊടി
വാനിലുയർത്തിയ അപ്പൂപ്പൻ
ജീവിത വഴിയിൽ നന്മ വിടർത്തിയ
നല്ല മനസിന്നുടമസ്ഥൻ..!അത്
ഗാന്ധിജി എന്നൊരു അപ്പൂപ്പൻ

റാഷിദ. പി.കെ
9H



# കാവ്യസൂര്യൻ

## [ഒ.എൻ.വി ഒരു അനുസ്മരണം]

സ്വതസിദ്ധമാം പുഞ്ചിരിയിൽ
വിരിയുമായിരം ദർശനങ്ങൾ
സ്മരിച്ചിടാം സ്മൃതിപഥത്തിലെന്നും
നമിച്ചു ഞാൻ താവകപാദപത്മം
മലയാള സാഹിത്യപതാകയേന്തി
കവന സിംഹാസനമേറിടുമ്പോൾ
തൻ കാവ്യഭാവനകളനശ്വരമാക്ക
സാഹിത്യ ലോകത്തിനു നൽകിടുന്നു
തത്തിക്കളിക്കുമധരങ്ങൾ തോറും
തേനൂറിടും കാവ്യരസാതലങ്ങൾ
മുകർന്നിടാനുള്ളവ ബാക്കിയാക്കി
ഗമിച്ചുവല്ലോ,സ്നേഹതലത്തിൽ നിന്നും
അനശ്വര ജീവിതം സ്വന്തമാക്കി
ലസിച്ചിടുന്നീ മലയാള ഭൂവിൽ
വിസ്മരിക്കയില്ല കൈരളി
സ്ഫുരിച്ച തേജോമയ വൈഭവത്തെ
അണഞ്ഞു പോകുന്നോരു കാവ്യസൂര്യൻ
ഉദിച്ചു പൗർണമി ഇന്ദുമായി
ഒരിക്കലും അന്ധതയേറ്റിടാതെ
സ്ഫുരിച്ചിടും മലയാൺമയിലെന്നുമെന്നും

**അനഘ. കെ.എസ്**

**10 L**

# English Corner



# I AM LIKE A NAUGHTY MOON

I love, I love my sweet papa
I love,my dear papa
he is very fun and joy
he is my everything
when I sleep he tells me
fascinating stories
after some time he kisses on my face
the moon vanishes in the black sky
the stars will smile to me

my papa tells me good words
my papa tells the happy words
when I got the answer sheet
that the time he tells me
you don’t repeat it
and he tells with tears
son you are great like
the naughty moon
like the naughty moon

ACHAL RAG. C
10 L



# MY NAME

**I** wrote my name on the sky
but the clouds wiped it away
I wrote my name on the side wall
but the rain washed it away
I wrote my name on my hands
but the soap washed it away
I wrote the blood washed it away
I wrote my name on the birth day
care and gave it to my mother
today, there it will stay,because
my mother never throws
anything of mine away

**Deepak vinu**

**10 J**



# STRANGER

A while ago I  met stranger.....

A stranger who gave me a nice smile

That smile showed a special seed...

A seed of **friendship**

The seed flourished into a strong -steady

And mega **friendship**

A **friendship** is tough as oak

A **friendship** shared joys....

Our problems

The most important thing that we discovered

Nothing could separate a **friendship**

Which was so stranger

Friendship is the best gift in life.

It is the treasure forever

And thanks for being my **friends.**

**Anu sharvan. P.T 10 K**



# Examination

Oh,my god it's the time of my examination

I should learn with concentration

English with its Annotations.

Malayalam with its Explanations.

Hindi with its Translations.

Physics with its  Definitions

Chemistry with its Equations

Biology with its classifications

History with its Contributions

Mathematics with its Calculations

I will study with Dedication

So,there is no time for RELAXATION...

Surya. A.S 10 J

# MATERNITY

My luck and your luck
Oh, god , save her in any occasion
The flowing river of kind and love
Her voice filled my heart with pleasure
Ever and for ever my own
Real life saver in my journey{life}

FATHIMA NAFLA 10 J


മഞ്ചേരി യതീംഖാന സ്കൂളിന് ഒരു പൊൻ തൂവൽ കൂടി
സംസ്ഥാനത്തിൽ ഒന്നാമൻ
creative design: Nishad Avm
KERALA SCHOOL SASTHROLSAVAM 2019-20
Scratch Programming
1st Prize
SAJITH KP
HMYHSS MANJERI



നേട്ടങ്ങളുടെ നെറുകെയിൽ HMYHSS
FULL A+ 75
9A+ 43
MANAGEMENT, PTA & STAFF HMYHSS, MANJERI



HMYHSS ലെ മിന്നും താരങ്ങൾ...
48 ജേതാക്കളുമായി NMMS പരീക്ഷയിൽ എട്ടാം തവണയും
കേരളത്തിൽ ഒന്നാമത്
AFRAH V.P
ZAYZN.M
JABIR.CK
NANDANA.A
NEHA.K
LIDHIYA RAJ
FATHIMA MINHA.KV
FATHIMA SHIFA.V
FATHIMA MINHA.T
FATHIMA RISNI.VP
FATHIMA THASNIM.P
AFRIN.KP
AMALNADH
SULHANA.PK
ANSHIFA THASNI.UP
FATHIMA SAJA.AP
MUHAMMED SHAHAL.PP
ASWIN.A
MIDHUN KRISHNA.MT
ANSHIF.K
ADITHYA.C
ABHIJITH.VP
MUHAMMED HANAN.NK
MUHAMMED HISHAM
SHIFNA.AM
MEERA.E
ANAGHA.M
AKBAR SHAHEED.M
MURSHID
SRAVAN.CT
MUHAMMED NIHAL.AK
AYISHA RIDHA
SHIFNA.EK
IRFANA JABIN
RAYYAN BIN ABDULLA
JINSHA JABIN.K
FAZIL MUHAMMED.PP
ASLAHA.P
FAHMIN
MUHAMMED SWALAH
SHREESHAND.T
ROFIYA
RAMEES
ABHINAV.PK
FATHIMA AFEEN.M
NISHAD.K
AMEENA HENNA.M
NANDANA.TK
ആശംസകളോടെ...
MANAGEMENT, PTA & STAFF

# ഹൃദയപൂർവ്വം....

ഉയരത്തിലേറി......അക്ഷരവിഹായസ്സിലേക്ക്......

തേൻ നുകർന്ന ചിത്രശലഭത്തെ പോലെ......

ഇനിയും നുകരാൻ കൊതിച്ചുകൊണ്ട്

Ripples ഒരിക്കലും അവസാനിക്കുന്നില്ല.......

ഇനിയും ജീവൻ നൽകേണ്ടതുണ്ട്.

നിമിഷങ്ങളുടെ അർദ്ധാംശങ്ങളിൽ ഒന്നിനെ

പെറുക്കിയെടുത്ത് ഞങ്ങൾ തീർത്ത Ripples .......

പിന്തുണ നൽകിയ ഏവർക്കും ഹൃദയം

പകുത്തു നൽകട്ടെ.......